# ആദിവാസിജനങ്ങളുടെ സ്ഥിരക്ഷേമവും കേരളത്തിലെ തദ്ദേശജനാധിപത്യവും– വനാവകാശ നിയമം നടപ്പിലാക്കുന്നതിനെപ്പറ്റി

Centre For Development Studies

Azim Premji University

വനാവകാശനിയമത്തെക്കുറിച്ച് 2019 നവംബർ 12ന് സെന്റർഫോർ ഡെവലപ്മെന്റ്സ്റ്റഡീസിലെ തദ്ദേശസ്വയംഭരണ ഗവേഷണ യൂണിറ്റ് സംഘടിപ്പിച്ച വട്ടമേശ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഈ രേഖ തയ്യാറാക്കിയത്.

# ആദിവാസിജനങ്ങളുടെ സ്ഥിരക്ഷേമവും കേരളത്തിലെ തദ്ദേശജനാധിപത്യവും– വനാവകാശനിയമം നടപ്പിലാക്കുന്നതിനെപ്പറ്റി

കേരളത്തിലെ തദ്ദേശജനാധിപത്യചട്ടക്കൂടിനെ നവീകരിക്കുന്നതു സംബന്ധിച്ച് സെന്റർഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ തദ്ദേശസ്വയംഭരണഗവേഷണയൂണിറ്റ് പ്രസിദ്ധീകരിക്കുന്ന മൂന്നാമത്തെ സമ്മർദ്ദരേഖയാണ് ഇത്. ബാംഗ്ലൂരിലെ അസിംപ്രേംജി സർവകലാശാലയും സിഡിഎസ്സും 2019ൽ സംയുക്തമായി നടത്തിയ നയസംവാദങ്ങളിലൂടെയാണ് ഇതു രൂപമെടുത്തത്. ഡോ. വി. ശാന്തകുമാർ, ഡോ. ജോൺകുര്യൻ എന്നിവരും തദ്ദേശസ്വയംഭരണഗവേഷണയൂണിറ്റ് പ്രവർത്തകരും വിഭാവനം ചെയ്ത ഈ പ്രക്രിയയെ വികസിപ്പിക്കുന്നതിൽ ഡോ. ടി. അഭിലാഷ് (സിഡിഎസ്സ്), ഡോ. സീമാ പുരുഷോത്തമൻ (ഏപിയു) എന്നിവരുടെ കാര്യമായ സഹായം ഉണ്ടായി. ഈ പ്രക്രിയയെ മുന്നോട്ടുകൊണ്ടുപോകാനും ചർച്ചകളെ വിപുലീകരിക്കാനും ഏറെ സഹായിക്കുകയും ഇതിൽ പൂർണ്ണപങ്കാളിയാവുകയും ചെയ്ത ശ്രീ എസ്. എം. വിജയാനന്ദിന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ഗോപിക ജി. ജി, ആരതി എം. ആർ എന്നിവരുടെ ഗവേഷണസഹായവും ജോയൽ മാത്യുസ്, ശ്രുതി ഹരിലാൽ, അലീന എന്നിവരുടെ സേവനങ്ങളും ഈ സമ്മർദ്ദരേഖയുടെ രചനയെ കാര്യമായി സഹായിച്ചുട്ടുണ്ട്. അവർക്കും നന്ദി. ഞങ്ങളുടെ ചോദ്യങ്ങളോട് പ്രതികരിക്കാനും വനാവകാശനിയമത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് തങ്ങളുടെ ഉൾക്കാഴ്ചകൾ പങ്കുവയ്ക്കാനും തയ്യാറായ ആദിവാസി നേതാക്കളെയും മൂപ്പന്മാരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. കൂടാതെ സിഡിഎസ്സിൽ സംഘടിപ്പിച്ച മൂന്നു ചർച്ചകളിൽ സജീവമായി പങ്കെടുത്ത ശ്രീ. ടി. മാധവ മേനോൻ, ശ്രീമതി ശാരദാ മുരളീധരൻ, ഡോ. അമിതാബച്ചൻ കെ. ഹൈദർ, ശ്രീ. ഗീതാനന്ദൻ, ശ്രീ. ടി. വി. സജീവ്, ശ്രീ. സുരേഷ് ജോഷി, ശ്രീമതി പത്മാ മൊഹന്തി, ശ്രീ. എബി ജോർജ്ജ്, ശ്രീ. ബിനോയ് വിശ്വം, ശ്രീ. കുട്ടി അഹമ്മദ് കുട്ടി, ശ്രീ. സി. പി. നാരായണൻ, ശ്രീ. വിജയ് ദെത്തെ, ശ്രീമതി ഗീത വാഴച്ചാൽ, ശ്രീ. വിജു ബി, കുടുംബശ്രീ മിഷനെയും കേരളമഹിളാസമഖ്യയെയും പ്രതിനിധീകരിച്ചു സംസാരിച്ച പ്രവർത്തകർ മുതലായ എല്ലാവരോടും നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. സിഡിഎസ്സിലെ ചർച്ചകളെ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിൽ നിസ്തുലമായ പങ്കു വഹിച്ച ശ്രീ. ഇമ്മാനുവേൽ (സിഡിഎസ്സ്) ശ്രീമതി രമാദേവി (ഏപിയു) എന്നിവർക്കും നിറഞ്ഞ നന്ദി.

പതിവുപോലെ ഈ സമ്മർദ്ദരേഖയും കൂട്ടായ അദ്ധ്വാനത്തിന്റെ ഫലമാണ്; ഏതെങ്കിലും ഒരു വ്യക്തിയുടെ സൃഷ്ടിയല്ല.

ജെ. ദേവിക

(തദ്ദേശസ്വയംഭരണഗവേഷണയൂണിറ്റിനു വേണ്ടി)

സെന്റർഫോർഡെവലപ്മെന്റ് സ്റ്റഡീസ്

2019

## ആമുഖം

കേരളജനസംഖ്യയുടെ ഏകദേശം 1.45 ശതമാനം വരുന്ന ചെറുജനവിഭാഗമാണ് ഇവിടുത്തെ പട്ടികവർഗക്കാർ. എന്നാൽ സാമൂഹ്യ മുഖ്യധാരയുമായി തട്ടിച്ചുനോക്കുമ്പോൾ ആ വിഭാഗത്തിന്റെ മാനവവികസന സൂചികകളിൽ കാര്യമായ കുറവു കാണുന്നുണ്ട്. 2008ലെ കേരള സംസ്ഥാന വികസന റിപ്പോർട്ട് 2630 ശതമാനം മാത്രം സാക്ഷരതാനിരക്കുള്ള പട്ടികവർഗജനവിഭാഗങ്ങൾ കേരളത്തിലുണ്ടെന്ന് കാണിക്കുന്നു[1]. സംസ്ഥാനത്തെ ഗ്രാമീണജനതയുടെ ദാരിദ്ര്യനിരക്കിന്റെ രണ്ടരയിരട്ടിയാണ് പട്ടികവർഗജനങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യം. വനാന്തരഭാഗത്തു താമസിക്കുന്നതുകൊണ്ടും, സാമൂഹ്യ-സാംസ്കാരിക സവിശേഷതകൾകൊണ്ടും, ചരിത്രപരമായി അനുഭവിച്ചിട്ടുള്ള പുറംതള്ളലിൽ നിന്നുണ്ടായ ഇല്ലായ്മകൾ മൂലവും പൊതുവെ വികസന വിഭവങ്ങൾ വേണ്ടത്ര നേടിയെടുക്കാൻ അവർക്കു കഴിഞ്ഞിട്ടില്ലെന്ന വാസ്തവത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. 2000ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ പട്ടികവർഗകുടുംബങ്ങളിൽ ഏതാണ്ട് 37 ശതമാനവും സ്വന്തമായി ഭൂമിയില്ലാത്തവരാണ്. പട്ടികവർഗജനങ്ങൾക്ക് ഭൂമി നൽകാൻ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഈ ഭൂമികൾ പലപ്പോഴും കൃഷിയോഗ്യമല്ലായിരുന്നു, അല്ലെങ്കിൽ വനസംരക്ഷണത്തിനായി പാസാക്കപ്പെട്ട നിയമങ്ങളുപയോഗിച്ച് ഈ ശ്രമങ്ങൾ തകർക്കപ്പെടുകയായിരുന്നു. പക്ഷെ പലപ്പോഴും പട്ടികവർഗക്കാർക്ക് ഭൂമി കൈവശം വന്നപ്പോഴും അത് മറ്റുള്ളവർ കൈക്കലാക്കുകയോ നിയന്ത്രിക്കുകയോ ചെയ്ത സാഹചര്യമായിരുന്നു ഉടലെടുത്തത്. മാത്രമല്ല, വനസംരക്ഷണനടപടികൾ മുറുകിയതോടെ വനത്തിലേക്കു കടന്ന് ചെറുവനവിഭവങ്ങൾ (തടി ഒഴിച്ചുള്ളവ) ശേഖരിക്കാൻ അവർക്കുണ്ടായിരുന്ന സൗകര്യവും അനുവാദവും കാര്യമായി ചുരുങ്ങുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ, കേരളത്തിന് ഏറെ പ്രശസ്തി നേടിത്തന്ന മാനവവികസനനേട്ടങ്ങൾ അധികവും പട്ടികവർഗജനങ്ങളെ സ്പർശിച്ചിട്ടില്ല[2].

ഈ സാഹചര്യത്തിലാണ് വനാവകാശനിയമം (Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006) ഉയർത്തുന്ന സാദ്ധ്യതകളെക്കുറിച്ച് ആരായുന്നത്. ഈ നിയമം (സർക്കാരേതര സംഘടനകളുടെ സഹായത്തോടെ) ഫലപ്രദമായി

---

[1] Government of India (2008) Kerala State Development Report, Planning Commission, Delhi.

[2] കൂടുതൽ വിവരങ്ങൾക്ക് കാണുക, അനുബന്ധം1. ആദിവാസിനയങ്ങളുടെ ചരിത്രത്തെപ്പറ്റി അറിയാൻ കാണുക, Kjosavik and Shanmugharatnam 2004; Chemmencheri 2013.

നടപ്പിലാക്കിയ മറ്റു പല സംസ്ഥാനങ്ങളിലും ആശാവഹമായ ഫലങ്ങ ളാണ് കാണുന്നത്. അവിടങ്ങളിലെ പട്ടികവർഗജനവിഭാഗങ്ങളുടെ ജീവിതനിലവാരത്തെ കാര്യമായി മെച്ചപ്പെടുത്താൻ വനാവകാശനി യമത്തിന്റെ കാര്യക്ഷമമായ നടത്തിപ്പ് ഉതകിയിട്ടുണ്ടെന്ന് വിശ്വാ സ്യമായ സൂചന ഗവേഷണപഠനങ്ങളിൽ ദൃശ്യമാണ്[3]. എന്നാൽ കേരളമടക്കമുള്ള മറ്റു പല സംസ്ഥാനങ്ങളിലും ഇത് വേണ്ടത്ര മുന്നേറി യില്ല. കേരളത്തിൽ പൊതുവെ വികസനത്തിൽ ജനപങ്കാളിത്തത്തെ പ്പറ്റി നാം വച്ചു പുലർത്തുന്ന ധാരണകൾ ഇടുങ്ങിയവയാണെന്നും ഇതു മൂലം (വനാവകാശനിയമത്തിലൂടെ) പുതിയ ജനപങ്കാളിത്തഇടങ്ങൾ സൃഷ്ടിക്കാനുള്ള സാദ്ധ്യതകൾ ഇവിടെ അധികവും അടഞ്ഞാണു കിടക്കുന്ന തെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു (കാണുക, Sudheesh 2013; Kjosavik and Shanmugharatnam 2015). പട്ടിക വർഗകുടുംബങ്ങൾക്ക് ഏകദേശം 37000 വ്യ ക്തിഗതപട്ടയങ്ങൾ നൽകിയിട്ടുണ്ടെങ്കിലും സമുദായ വനാവകാശങ്ങളുടെ (Community Forest Rights) കാര്യങ്ങളിൽ കേരളം വളരെ പിന്നിലാണ്[4]. വനാവ കാശങ്ങൾ അംഗീകരിക്കപ്പെട്ട ചുരുക്കം അവസരങ്ങളിൽ പട്ടികവർഗജനങ്ങ ൾക്ക് വളരെ കുറഞ്ഞ ഭൂമിയിന്മേലാണ് അവ കല്പിക്കപ്പെട്ടത്; ഈ വിഭാഗങ്ങൾ വനവിഭവശേഖരണത്തിനായി ഇതിലും എത്രയോ അധി കം ഭൂമി ഉപയോഗിച്ചിരുന്നുവെന്നതിനെ സംബന്ധിച്ച തെളിവുകളെ പാടെ അവഗണിച്ചുകൊണ്ടാണിത്[5]. വനാവകാശനിയമത്തിന്റെ ഗുണം ലഭിച്ചവർക്കു തന്നെ (2008ൽ) അത് കേവലം Record of Rights ആയി മാ ത്രമാണ് ലഭിച്ചത്; ഇതുകൊണ്ട് വളരെ പരിമിതമായ പ്രയോജനമേ ഉള്ളൂ. (Kjosavik and Shanmugharatnam 2015). മാത്രമല്ല, ചെറുവനവിഭവങ്ങളുടെ ശേഖരണത്തിലും വിപണനത്തിലും ഇന്നും വനംവകുപ്പിന്റെ കാര്യമായ മാ ദ്ധ്യസ്ഥമാണുള്ളത്. കേന്ദ്രസർക്കാരിന്റെ പട്ടികവർഗക്ഷേമ മന്ത്രാലയത്തിന് കേരളസർക്കാർ നൽകിയ ഔദ്യോഗിക പ്രതികരണത്തിൽ സ്വീകരിച്ച നിലപാട് വനാവകാശം നടപ്പിലാക്കാൻ കൂടുതൽ സമയം വേണം എന്ന

---

[3] The Implementation of `Forest Rights Act': Towards an informed collective action by different stakeholders'–a report prepared by the Azim Premji University as part of its university-practice connect initiative.

[4] 2018 ലെ ഒരു പഠനമനുസരിച്ച് കേരളത്തിൽ CFR നു വേണ്ടി സ്വീകരിക്കപ്പെട്ട 1395 അപേ ക്ഷകളിൽ 164 എണ്ണംലഭ്യമായിരിക്കുന്നു. https://www.deccanchronicle.com/nation/current-affairs/130318/kerala-government-sits-on-forest-rights-act.html; 2017ൽ പ്രസിദ്ധീകൃതമായ മറ്റൊരു റിപ്പോർട്ടുപ്രകാരം മൊത്തം CFR അപേക്ഷകളിൽ 16 ശതമാനമാണ് ലഭ്യമായിരി ക്കുന്നത് Promise and Performance of Forest Rights Act, 2006: Kerala State Report by Community Forest Rights Learning and Advocacy.

[5] K. H. Amitha Bachan അടുത്തിടെ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ ഇതു സൂചിപ്പി ക്കുന്നു. https://www.downtoearth.org.in/news/only-16-per-cent-of-total-community-forest-rights-granted-in-kerala-since-2006-59250. കേരളത്തിൽ വനാവകാശസാക്ഷാത്കാര ത്തിന്റെ പുരോഗതി ആശാവഹമല്ലെന്ന നിരീക്ഷണം തുടക്കം മുതൽക്കേയുണ്ട്. കാണുക, Bijoy 2009. പിന്നീടുള്ള സമയത്തെ പുരോഗതിയുടെ വിശകലനത്തിനായി കാണുക, Chemmencheri 2013.

തായിരുന്നു. ഇവിടുത്തെ വനസാന്ദ്രത അധികമാണെന്നും അതുകൊണ്ട് നേരിട്ട്, കായികമായ, സർവ്വേ ഇവിടെ ആവശ്യമാണെന്നും കേരളസർക്കാർ അവകാശപ്പെടുന്നു. സമീപകാലത്ത് ഈ വിഷയത്തെപ്പറ്റിയുണ്ടായ പൊതുചർച്ചകൾ 'സ്വമേധയായുള്ള പുന:സ്ഥാപനം' ആദിവാസികളുടെ അവകാശങ്ങളെ അടിസ്ഥാനപരമായി ലംഘിക്കുന്നതെങ്ങനെ എന്നതിനെക്കുറിച്ചായിരുന്നു (Kalathingal 2018). എന്നാൽ വനാവകാശം പരിമിതമായ തോതിൽ നടപ്പിലാക്കിയതിൽനിന്നു മലക്കപ്പാറയിലെ കാടർ നേടിയ മെച്ചങ്ങളും ചർച്ചചെയ്യപ്പെട്ടു (Kalathingal 2019).

അധികാരവികേന്ദ്രീകരണത്തിലും ജനകീയാസൂത്രണത്തിലൂടെ ജനപങ്കാളിത്തത്തോടെയുള്ള വികസനം എന്ന ആദർശത്തെ ഉയർത്തിപ്പിടിക്കാനുള്ള പരിശ്രമങ്ങളിലും കേരളം നേടിയ മുന്നേറ്റം ഇന്ന് സുപരിചിതമാണ്. പട്ടികവർഗജനങ്ങൾക്ക് സവിശേഷവിഭവങ്ങളും അവരുടെ പങ്കാളിത്തത്തിനുള്ള മാർഗങ്ങളും ഈ പരിശ്രമങ്ങളിലും ഉന്നയിക്കപ്പെട്ടിരുന്നു. സംസ്ഥാനസർക്കാർ നേരിട്ട് പട്ടികവർഗക്ഷേമവകുപ്പിലൂടെ നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾക്കു പുറമേയാണിത്. എങ്കിലും കേരളത്തിലെ പട്ടികവർഗക്കാർ അനുഭവിക്കുന്ന ഇല്ലായ്മയ്ക്കും ദു:സ്ഥിതിക്കും യാതൊരു കുറവുമില്ല. 1990കളിലും ശേഷവും ഈ ജനവിഭാഗം തങ്ങളുടെ അവകാശങ്ങൾക്കായി, ഭൂമിക്കുവേണ്ടി, നിരന്തരം സമരം ചെയ്തു. പക്ഷേ അവകാര്യമായ ഫലം ഇനിയും കണ്ടിട്ടില്ല. അധികാരവികേന്ദ്രീകരണവും പ്രത്യേക സീറ്റു സംവരണവും കൊണ്ടുള്ള ഗുണഫലം പട്ടികവർഗക്കാർ ഇനിയും അനുഭവിച്ചിട്ടില്ല (Surjith 2015). ഇവിടെ മറികടക്കാൻ കാര്യമായ, ഘടനാപരമായ, വെല്ലുവിളികളുണ്ട്. ആദിവാസി ഊരുകൾ കേരളത്തിൽ പലയിടത്തായി ചിതറിക്കിടക്കുന്നതുകൊണ്ട് പലപ്പോഴും ഏതെങ്കിലുമൊരു പഞ്ചായത്തിൽ നിർണായകശക്തിയായി മാറാൻ അവർക്കു കഴിഞ്ഞിട്ടില്ല. ആദിവാസിജനങ്ങൾക്കു സഹിക്കേണ്ടിവരുന്ന പല ഇല്ലായ്മകളും - ഉദാഹരണത്തിന്, അട്ടപ്പാടിയിലെ ആദിവാസിശിശുമരണങ്ങളുടെ പ്രശ്നം - തദ്ദേശസ്വയംഭരണ സർക്കാരുകളുടെ പ്രവർത്തനത്തിലൂടെ പരിഹരിക്കപ്പെടേണ്ടവയാണ്, എന്നാൽ അവയുടെ ഇടപെടലുകൾ ഫലം കാണുന്നില്ല. ഇനി, ആദിവാസിജനങ്ങൾ ഭൂരിപക്ഷമായ ഇടങ്ങളിൽപ്പോലും ആദിവാസികളല്ലാത്തവർ തീരുമാനമെടുക്കൽപ്രക്രിയകളിൽ നിർണായകസ്വാധീനം ചെലുത്തുന്നതു കാണാം. ഇരുകൂട്ടരും തമ്മിലുള്ള മാനവവികസനപരമായ അന്തരം കണക്കിലെടുക്കുമ്പോൾ ഇതു പ്രതീക്ഷിതം മാത്രമാണ്[6].

[6] ഉദാഹരണത്തിന്, വയനാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ആദിവാസിവിഭാഗം പണിയരുടേതാണ്-ജില്ലയിലെ മൊത്തം ആദിവാസി ജനസംഖ്യയുടെ 45 ശതമാനം. എന്നാൽ പഞ്ചായത്തുകളിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ അവർ വെറും 10 ശതമാനം മാത്രമാണ് (Surjith 2015). ആദിവാസികൾ ഭൂമിയ്ക്കായി നടത്തുന്ന രാഷ്ട്രീയസംഘാടനത്തിന്റെ രൂപത്തെ ഇതു നിർണയിച്ചിട്ടുണ്ട് പ്രത്യേകിച്ചു വയനാട്ടിൽ. കാണുക, Kjosavik 2010.

തന്നെയുമല്ല, ആദിവാസിജനങ്ങൾക്കിടയിൽത്തന്നെ ഭൂമി കൈവശം ഉള്ള വരും സ്ഥിരമായ കാർഷികവൃത്തിയിലേർപ്പെടുന്നവരും വനത്തെ ആശ്രയിച്ചു കഴിയുന്നവരും തമ്മിൽ വളരെ വലിയ അന്തരമാണുള്ളത്. അവരിൽത്തന്നെ സ്ഥിരമായി ഒരിടത്ത് ജീവിക്കാത്തവരായ വിഭാഗങ്ങൾ കൂടുതൽ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നു. അത്തരം വിഭാഗങ്ങളെക്കുറിച്ച് (Particularly Vulnerable Tribal Groups (PVTG)നെപ്പറ്റി) സമീപകാലത്തു നടന്ന ഒരു പഠനം ഈ നിരീക്ഷണത്തെ ശരിവയ്ക്കുന്നു (Abhilash 2017). അവരിൽ ഏതാണ്ട് 95 ശതമാനവും ബഹുമുഖദാരിദ്ര്യം അനുഭവിക്കുന്നവരാണെന്ന് ഈ പഠനം കണ്ടെത്തി (പുറം 94). ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ തദ്ദേശഭരണവ്യവസ്ഥയ്ക്ക് വനാവകാശനിയമം നടപ്പാക്കുന്ന കാര്യത്തിൽ ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ടെന്ന് വ്യക്തമാണ്.

ഈ വിശാലപശ്ചാത്തലത്തിലാണ് കേരളത്തിലെ സ്വയംഭരണസ്ഥാപനങ്ങളെ ആദിവാസിജനങ്ങൾക്കുതകുന്നതും അവരെ ശാക്തീകരിക്കുന്നതുമായ ജനാധിപത്യഭരണസംവിധാനങ്ങൾക്കു വഴിതെളിക്കുന്ന കേന്ദ്രങ്ങളായി എങ്ങനെ മാറ്റിത്തീർക്കാമെന്ന ചോദ്യം ഞങ്ങൾ ചോദിക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ, ലഭ്യമായ ഗവേഷണപഠനങ്ങളും പൊതുമണ്ഡലചർച്ചകളും തദ്ദേശഭരണസംവിധാനത്തിന്റെ പരാജയത്തിലേക്കാണ് വിരൽചൂണ്ടുന്നത്. കേരളത്തിലെ ആദിവാസികളെ എല്ലാക്കാലത്തും കീഴ്പ്പെടുത്തിയിരുന്ന 'ഉദ്യോഗസ്ഥ ആധുനികത'യെ (bureaucratic modernity) ഒന്നുകൂടി ശക്തിപ്പെടുത്താനേ ഇന്നത്തെ തദ്ദേശഭരണസംവിധാനം സഹായിച്ചിട്ടുള്ളൂ. കേരളത്തിൽ രാഷ്ട്രീയവികേന്ദ്രീകരണത്തോടൊപ്പം ജനപങ്കാളിത്തത്തിൽ അധിഷ്ഠിതമായ അനവധി ജനക്ഷേമവ്യവസ്ഥകളും ഉണ്ടായിവന്നു. 1990കളുടെ ഒടുവിൽ ഇവിടെ രൂപപ്പെട്ട അയൽക്കൂട്ടങ്ങൾ മുൻപൊരിക്കലുമില്ലാത്തവിധം ജനക്ഷേമത്തെ വ്യക്തികളിലെത്തിക്കാൻ സഹായിച്ചു. കീഴ്ത്തട്ടുകളിലെ ഉദ്യോഗസ്ഥസ്വാധീനത്തെ കുറച്ചും ഇല്ലാതാക്കിയും അതിനെ മനുഷ്യത്വമുള്ളതാക്കിയുമാണ് ഇതു സാധ്യമായത്. ഉദ്യോഗസ്ഥരുടെ അധികാരവും അതിന്റെ പരിധിയും നിജപ്പെടുത്താനും പരിമിതമാക്കാനും സർക്കാർ തയ്യാറായി. എന്നാൽ ഇതിന്റെ ഗുണമനുഭവിച്ചത് ആദിവാസികളല്ലാത്ത സാമൂഹ്യമുഖ്യധാരയാണ്. ആദിവാസിമേഖലകളിലാകട്ടെ, ഉദ്യോഗസ്ഥരുടെ അമിതഭരണവും അപമാനവീകരണത്തിന് ഇടവരുത്തുന്ന അധികാരഘടകങ്ങളും ഒന്നുകിൽ അവഗണിക്കപ്പെട്ടു, അല്ലെങ്കിൽ അദൃശ്യമായിത്തന്നെ തുടർന്നു. ആദിവാസിജനങ്ങൾ ഈ സംസ്ഥാനത്ത് അധികാരരഹിതരായ ചെറുന്യൂനപക്ഷം മാത്രമായതിന്റെ സ്വാഭാവികപരിണിതിയായിരുന്നു ഇത്.

അതുകൊണ്ടുതന്നെ കേരളത്തിൽ വനാവകാശനിയമത്തിന്റെ

ഫലപ്രദമായ സാക്ഷാത്കാരത്തിന് കുറച്ചുകാണാനാവാത്ത പ്രാധാന്യമുണ്ട്. കേരളത്തിന്റെ ജനകേന്ദ്രിതവും പങ്കാളിത്താധിഷ്ഠിതവുമായ അധികാരവികേന്ദ്രീകരണചട്ടക്കൂട് ആദിവാസിജനങ്ങളെ ശാക്തീകരിക്കുന്ന ഇടങ്ങൾ നിർമ്മിക്കുംവിധം എങ്ങനെ മാറ്റിപ്പണിയാമെന്ന ചോദ്യമാണ് ഈ സമ്മർദ്ദരേഖയിലൂടെ ഞങ്ങൾ ചോദിക്കുന്നത്. അതായത് ആദിവാസിജനങ്ങൾക്ക് ജനാധിപത്യം സാദ്ധ്യമാക്കുന്ന സ്ഥാപനങ്ങളായി നമ്മുടെ തദ്ദേശസ്വയംഭരണസംവിധാനത്തെ എങ്ങനെ വിഭാവനം ചെയ്യാം എന്നതാണ് നാം ഇവിടെ ചോദിക്കുന്ന ചോദ്യം. കേരളത്തിലെ ആദിവാസിമേഖലകളിൽ അധികാരവികേന്ദ്രീകരണത്തിനു സംഭവിച്ച പരാജയം മുഖ്യമായും ഈ ജനങ്ങൾ അനുഭവിച്ചു വന്ന കടുത്ത ഇല്ലായ്മകൾ മൂലം മാത്രം അല്ലെന്നും, അധികാരവികേന്ദ്രീകരണചട്ടക്കൂടിന്റെ തന്നെ അപര്യാപ്തത അത്രതന്നെ പ്രധാനമായ ഒരു പോരായ്മയായിരുന്നെന്നും എടുത്തുപറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സംവരണവും പ്രത്യേക ഫണ്ടുകളും ലഭ്യമാക്കിയെങ്കിലും കേരളത്തിലെ പാർശ്വവൽകൃതർ - ദലിതർ, ആദിവാസികൾ, തീരദേശജനങ്ങൾ - ഇന്നും അധികാരവികേന്ദ്രീകരണത്തിന്റെ ചട്ടക്കൂടിനുള്ളിൽ ശക്തമായ ശബ്ദവും സർക്കാർ വിഭവങ്ങൾക്കുമേൽ സ്വന്തമായ അവകാശവാദവുമുള്ള താത്പര്യസംഘങ്ങളായല്ല പ്രത്യക്ഷപ്പെടുന്നത്. അവ ഇപ്പോഴും സർക്കാർവത്കൃത സംവർഗങ്ങളാണ് - നിഷ്ക്രിയമായ ഗുണഭോക്തൃനില അവകാശപ്പെടാവുന്നവർ.

ഞങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഈ തിരുത്തിയെഴുതൽ ആദിവാസിജനങ്ങൾക്കുവേണ്ടി മാത്രമല്ല, കേരളത്തിലെ തദ്ദേശജനാധിപത്യത്തിനുവേണ്ടിത്തന്നെയാണ്. തദ്ദേശഭരണചട്ടക്കൂടിനെ വഴക്കമുള്ളതും ആത്മപ്രതിഫലനശേഷിയുള്ളതുമാക്കിയാൽ കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിനു മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള ശേഷി വർദ്ധിക്കും; അത് കൂടുതൽ ഈടുറപ്പുള്ളതാകും. ഇത് കേരളത്തിലെ തദ്ദേശജനാധിപത്യത്തെ കൂടുതൽ വിശാലമാക്കിത്തീർക്കുന്നതിലേക്കുള്ള പ്രധാനപ്പെട്ട ഒരു ചുവടാണ്.

കഴിഞ്ഞ വർഷങ്ങളിൽ നാം അനുഭവിച്ചു വരുന്ന കാലാവസ്ഥാവ്യതിയാനങ്ങളുടെ - മഴയുടെ സ്വഭാവത്തിൽ, വിശേഷിച്ചും, ഉണ്ടായിരിക്കുന്ന മാറ്റങ്ങളുടെ - പശ്ചാത്തലത്തിൽ ഈ വിഷയം എത്രയും ഗൗരവമുള്ളതായിത്തീർന്നിരിക്കുന്നു. പരിസ്ഥിതിലോല - ഉയർന്ന പ്രദേശങ്ങളിൽ നടന്ന നിരുത്തരവാദപരമായ ഇടപെടലുകൾ കേരളത്തെ കാര്യമായ ഇക്കോളജീയ പ്രതിസന്ധിയിലാണ് അകപ്പെടുത്തിയിട്ടുള്ളത്. ആദിവാസിജനങ്ങൾ സ്വീകരിച്ചുപോന്ന സുസ്ഥിരപ്രകൃതിപ്രയോഗങ്ങൾക്ക് ഇന്ന് അനിഷേധ്യമായ പ്രസക്തിയുണ്ട്. അവയെ മറ്റുള്ളവർ സ്വീകരിക്കേണ്ട സാഹചര്യമാണുള്ളത്-എന്നാൽ അതോടൊപ്പം ഈ പ്രയോഗങ്ങൾ വിലപ്പെട്ട ശേഷികൾ

(capabilities) ആണെന്ന അംഗീകാരം കൂടി ഉണ്ടാകേണ്ടതുണ്ട്. ഇക്കോളജീയക്ഷേമത്തെ നിലനിർത്തുന്നതിൽ തദ്ദേശസർക്കാരുകൾ വഹിക്കുന്ന പങ്ക് എന്നത്തേക്കാളധികം വെളിവായിരിക്കുന്ന ഈ വേളയിൽ ആദിവാസിജനങ്ങളുടെ സാന്നിദ്ധ്യമുള്ള ഇടങ്ങളിലെ തദ്ദേശഭരണത്തിന്റെ മട്ടും മാതിരിയും പ്രവർത്തനവും ഗൗരവത്തോടെ പുനരാലോചിക്കേണ്ടതുണ്ട്-വിശേഷിച്ചും ജീവിതവൃത്തിക്കായി പ്രകൃതിവിഭവങ്ങൾ സുസ്ഥിരരീതികളിൽ ശേഖരിച്ചും പ്രയോജനപ്പെടുത്തിയും കഴിഞ്ഞ ജനങ്ങൾ ഏറെക്കാലമായി അധിവസിക്കുന്ന ഇടങ്ങളിലെല്ലാം തന്നെ ഇതു നടപ്പാക്കേണ്ടതുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തെപ്പറ്റിയുള്ള രണ്ട് സുപ്രധാന റിപ്പോർട്ടുകൾ 2018ൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് ഒന്ന്, യുഎൻ പഠനസംഘം ഇവിടെ പ്രവർത്തിക്കുന്ന ഗവേഷകരോടും വിദഗ്ധരോടും ചേർന്നു തയ്യാറാക്കിയ Post-Disaster Needs Assessment Report (PDNAR), മറ്റേത് Rebuild Kerala Intiative Report (RKIR). വനാവകാശനിയമത്തെപ്പറ്റി നേർവിപരീത നിലപാടുകളാണ് ഇവ സ്വീകരിച്ചിരിക്കുന്നത്. ഇവയിൽ ആദ്യത്തേത് ആദിവാസിജനങ്ങളുടെ പരിസ്ഥിതിസംബന്ധമായ പരിചയത്തേയും അറിവുകളേയും പ്രളയാനന്തരകേരളത്തിൽ പരിസ്ഥിതി - സൗഹൃദ ജീവിതത്തിനാവശ്യമുള്ളവയായി എണ്ണുന്നു. രണ്ടാമത്തേത് ഈ അംഗീകാരം നൽകുന്നില്ല. PDNAR ആദിവാസിജനങ്ങളുടെ ജീവിതവും ഉപജീവനങ്ങളും സുസ്ഥിരമാക്കാൻ വനാവകാശനിയമത്തിന്റെ സാക്ഷാത്കാരം ആവശ്യമാണെന്നു പറയുന്നു[7]. RKIR ആകട്ടെ, വനങ്ങളിൽ നിന്ന് അവർ സ്വമേധയാ ഒഴിയണമെന്ന് ശുപാർശ ചെയ്യുന്നു - ഇത് വനാവകാശനിയമത്തിന്റെ ലംഘനമാണെന്നുള്ളതിൽ സംശയമില്ല[8]. സ്വമേധയാ ഒഴിഞ്ഞുപോകാൻ ആഗ്രഹിക്കുന്ന വനവാസികളായ പട്ടികവർഗക്കാർക്ക് മറ്റൊരിടത്ത് ജീവിതം തുടങ്ങാൻ ആവശ്യമായ എല്ലാ വിഭവങ്ങളും സഹായവും സർക്കാർ ലഭ്യമാക്കണമെന്ന് സമ്മതിക്കുമ്പോഴും PDNAR കാണിക്കുന്ന ശ്രേഷ്ഠമായ തിരിച്ചറിവ് കാര്യമായി എടുക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

വനാവകാശനിയമം നടപ്പിലാക്കാൻ ഇവിടുത്തെ തദ്ദേശസർക്കാരുകൾ യാതൊരു ശ്രമവും നടത്തിയിട്ടില്ല എന്ന് ഞങ്ങൾ ആരോപിക്കുന്നില്ല. ഊരുകൂട്ടം എന്ന് അറിയപ്പെടുന്ന ഗ്രാമസഭകൾ ആദിവാസിമേഖലകളിൽ ഉണ്ടെങ്കിലും വനാവകാശനിയമസാക്ഷാത്കാരത്തിൽ അവ ഇനിയും കാര്യമായ പങ്ക് വഹിച്ചിട്ടില്ല. അതുകൊണ്ട് തദ്ദേശസ്വയംഭരണത്തെ

---

7 PDNR, 2018,പുറം.361.

8 RKDPR, 2018,പുറം.212. ആദിവാസികളുടെ കാര്യത്തിൽ മാത്രമേ ഒഴിഞ്ഞുപോക്ക് ഒരു പോംവഴിയായി അവതരിപ്പിക്കപ്പെടുന്നുള്ളൂ എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ താണ പ്രദേശങ്ങളിൽ താമസിക്കുന്ന നഗരവാസികൾ സ്വീകരിച്ച അശാസ്ത്രീയഗൃഹനിർമ്മാണമാണ് പലപ്പോഴും പ്രളയത്തെ രൂക്ഷമാക്കിയതെങ്കിലും ഇത്തരം നിർദ്ദേശങ്ങൾ അവർക്കു ബാധകമല്ല.

ശക്തിപ്പെടുത്തുക മാത്രമല്ല. അതിനെ ചില ഇടങ്ങളിൽ പുനഃസൃഷ്ടിക്കാനും നാം ശ്രമിച്ചേ തീരൂ. ഈ അവസ്ഥയെ വിലയിരുത്താനും ചട്ടങ്ങളിലും നിയമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കാനുമാണ് ഈ സമ്മർദ്ദരേഖയിലൂടെ ഞങ്ങൾ ശ്രമിക്കുന്നത്. ഈ വിഷയത്തിൽ നേരിട്ട് താത്പര്യവും പരിചയവും ഉള്ള വൈവിധ്യമാർന്ന വലിയൊരു സംഘവുമായി നടത്തിയ കൂടിച്ചേരലുകളെ ആസ്പദമാക്കിയാണ് ഈ രേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. 2019 ജൂൺ-ജൂലൈ മാസങ്ങളിൽ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ അസിം പ്രേംജി സർവകലാശാലയുടെയും സിഡിഎസ്സിലെ തദ്ദേശസ്വയംഭരണ ഗവേഷണയൂണിറ്റിന്റെയും മുൻകൈയിൽ നടന്ന മൂന്നു കൂടിച്ചേരലുകളിൽ ആദ്യത്തേതിൽ ആദിവാസിമേഖലകളിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ സംഘടനകളായ കുടുംബശ്രീ, മഹിളാസമഖ്യ മുതലായവയുടെ പ്രവർത്തകരും ട്രൈബൽപ്രമോട്ടർമാർ അടക്കമുള്ള തദ്ദേശവികസനപ്രവർത്തകരുമാണ് അധികവും പങ്കെടുത്തത്. രണ്ടാമത്തെ കൂടിച്ചേരലിൽ ഞങ്ങൾ പ്രസക്തസർക്കാർവകുപ്പുകളിൽ നിന്നുള്ള പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുമായി ചർച്ചകളിൽ ഏർപ്പെട്ടു. മൂന്നാമത്തെ കൂടിച്ചേരലിൽ സർക്കാരേതര-ആദിവാസി-സിവിൽസമൂഹസംഘടനകളുടെ പ്രതിനിധികളും ഗവേഷകരുമാണ് പങ്കെടുത്തത്. ഇവരിൽ ചിലർ വനാവകാശനിയമം കേരളത്തിൽ നടപ്പാക്കാനുള്ള യത്നത്തിൽ പങ്കാളികളാണ്. ഇതുകൂടാതെ ആദിവാസി ഊരുകൾ നേരിട്ടു സന്ദർശിച്ച് വനാവകാശനിയമപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരോടും ആദിവാസിമൂപ്പൻമാരടക്കമുള്ള മുതിർന്നവരോടും ഈ വിഷയത്തെപ്പറ്റി അവർക്കുള്ള അഭിപ്രായം ചോദിച്ചറിയാനുള്ള ശ്രമവും ഇതേ കാലയളവിൽ നടന്നു.

## ആദിവാസിജനങ്ങളും കേരളത്തിലെ ജനാധിപത്യവും വികസനവും: ചരിത്രപരമായ ചിന്തകൾ

ഇന്ന് ലഭ്യമായ അക്കാദമികപഠനങ്ങൾ, പത്രവാർത്തകൾ, സിഡിഎസ്സിൽ പ്രസ്തുതവിഷയത്തെപ്പറ്റി നടത്തിയ മൂന്നു ചർച്ചകൾ, ആദിവാസി അവകാശപ്രവർത്തകർ, മൂപ്പന്മാർ, വികസനപ്രവർത്തകർ എന്നിവരുമായി നടത്തിയ അഭിമുഖങ്ങൾ, ഇവയെല്ലാം പൊതുവിൽ സൂചിപ്പിക്കുന്നത് വനാവകാശ നിയമസാക്ഷാത്കാരത്തിന്റെ ദുർബല സ്ഥിതിയെയാണ്[9]. സിഡിഎസ്സിൽ

---

[9] 2017ൽ പ്രസിദ്ധീകരിക്കപ്പെട്ട വിശദമായ ഒരു പഠന റിപ്പോർട്ടുപ്രകാരം കേരളത്തിൽ വ്യക്തിഗത വനാവകാശം (IFR) 25081 കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ടെന്നു കാണാം. ആകെ 33778.11 ഏക്കർ ഭൂമിയാണ് ഇപ്രകാരം വിതരണം ചെയ്യപ്പെട്ടിരിക്കുന്നത് (Bachan 2019:13). അതിനുശേഷമുള്ള വിതരണം വളരെ മെല്ലെയാണെന്ന സൂചനയാണ് സമീപകാല കണക്കുകളിൽ ഇതുവരെ വിതരണം ചെയ്യപ്പെട്ടത് വെറും 34565 ഏക്കർ മാത്രമാണ്. സിഡിഎസ്സിൽ നടന്ന ചർച്ചയിൽ ഉയർന്നുവന്ന മറ്റൊരു നിരീക്ഷണം വിതരണം നടന്ന ഇടങ്ങളെപ്പറ്റിയാണ്. വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിലാണ് ആദിവാസിസാന്നിദ്ധ്യം കാര്യമായുള്ളത്.

നടന്ന ചർച്ചകളിൽ വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ പഞ്ചായത്തുകൾക്ക് ഗുണാത്മകമായ ഒരു പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് വ്യക്തമായി. പലപ്പോഴും പഞ്ചായത്തുകൾക്ക് നിയന്ത്രിക്കാവുന്നതിനു പുറത്തുള്ള ഘടകങ്ങളാണ് ഈ പരാജയത്തിനു കാരണം. ആദിവാസിഭൂരിപക്ഷ പഞ്ചായത്തായ ഇടമലക്കുടി നേരിടുന്ന പ്രശ്നങ്ങളാണ് ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത്. 2010ൽ ഈ ആദിവാസി ഊരിൽ പഞ്ചായത്ത് കാര്യാലയം ആരംഭിച്ചെങ്കിലും ഇപ്പോഴും പഞ്ചായത്ത് പ്രവർത്തിക്കുന്നത് മറ്റൊരിടത്താണ്. 2016ൽ അവിടെ ഒരു അക്ഷയകേന്ദ്രം ഉത്ഘാടനം ചെയ്യപ്പെട്ടതോടെ (Raman 2016) തദ്ദേശസർക്കാരിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമായിത്തുടങ്ങി. എന്നാൽ ആദിവാസിജനങ്ങൾക്ക് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനുതകുന്ന സ്ഥാപനമായി അവിടുത്തെ പഞ്ചായത്തിന് പ്രവർത്തിക്കാനായിട്ടില്ല. വനാവകാശനിയമപ്രക്രിയകളിൽ തന്നെ പൊതുവെ ആദിവാസിജനങ്ങളുടെ പങ്കാളിത്തം വളരെ കുറവായിരുന്നുവെന്ന് സൂചിപ്പിക്കുന്ന അക്കാദമിക പഠനങ്ങളുമുണ്ട് (Chemmenchery 2013).

പഞ്ചായത്ത് ഭരണകർത്താക്കളുടെ മന:പൂർവ്വമുള്ള അശ്രദ്ധയാണിതിന് കാരണമെന്ന് പറയാനാവില്ല. ആദിവാസിജനങ്ങളുടെ അധികാരശൂന്യതയ്ക്ക് പിന്നിൽ വിശാലസാമ്പത്തികപ്രക്രിയകൾ, വിശേഷിച്ചും ഈ ഇടങ്ങളിൽ മുതലാളിത്തത്തിന് സംഭവിച്ച മാറ്റം, തന്നെയാണ് (Munster and Munster 2012; Steur 2014). വയനാട്ടിലെ ആദിവാസിജനത അനുഭവിച്ച പുറന്തള്ളലിന്റെ അർത്ഥശാസ്ത്രം പരിശോധിക്കുന്നതിൽ നിന്ന് ഇത് വ്യക്തമാകും. 1990കൾ മുതൽ റബർ, കുരുമുളക്, തെയില മുതലായ നാണ്യവിളകളുടെ വിലത്തകർച്ച ഭൂരഹിതരായ ആദിവാസിജനങ്ങളുടെ ജീവിതത്തെ കൂടുതൽ അപായ

---

അവിടെ പക്ഷേ വിതരണം വളരെ കുറവാണ്. അട്ടപ്പാടിയിൽ ലഭിച്ച 5954 അപേക്ഷകളിൽ 1450 ൽ മാത്രമാണ് IFR അനുവദിക്കപ്പെട്ടത്. CFRലും സ്ഥിതി വളരെ പരുങ്ങലാണ്. മുൻപു സൂചിപ്പിച്ച 2017 ലെ റിപ്പോർട്ടുപ്രകാരം വനാവകാശ ഗ്രാമസഭകൾ പാസാക്കിയ 779 സമുദായ അവകാശവാദങ്ങളിൽ, വെറും 164 എണ്ണം മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളൂ (Bachan 2017:14). ഈ വിഷയത്തിലെ ചലനരാഹിത്യം സമീപകാല കണക്കുകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. കേരളം മുഴുവനെടുത്താലും CFR അപേക്ഷകൾ ഇപ്പോഴും ആയിരത്തിൽ താഴെയാണ്. വയനാട്ടിൽ ഒരൊറ്റ CFR പോലും അനുവദിക്കപ്പെട്ടിട്ടില്ല. അട്ടപ്പാടിയിൽ ലഭിച്ച 120 അപേക്ഷകളിൽ 6 എണ്ണം മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളൂ . ഇടുക്കിയിൽ നിന്നുള്ള 321 അപേക്ഷകളിൽ വെറും 124 എണ്ണം മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. വനാവകാശനിയമപ്രകാരം ആദിവാസികൾക്ക് ലഭ്യമാക്കിയിട്ടുള്ള വികസനാവകാശങ്ങളുടെ കാര്യം ഇതിലും കഷ്ടമാണ്. ഇടുക്കിയിൽ നിന്നുള്ള 184 അപേക്ഷകളിൽ 30 എണ്ണം അനുവദിക്കപ്പെട്ടിട്ടുണ്ട്. ഒരെയൊരു വികസനാവകാശ അപേക്ഷയിൽ മാത്രമേ പാലക്കാടു ജില്ലയിൽ അനുകൂലതീരുമാനം ഉണ്ടായിട്ടുള്ളൂ- അപേക്ഷകരുടെ എണ്ണം 46 ആണെങ്കിലും. വികസനാവകാശവിതരണത്തിൽ വയനാട്ടിൽ സ്ഥിതി താരതമ്യേന ഭേദമാണ്-175 അപേക്ഷകളിൽ 150 എണ്ണം അനുവദിക്കപ്പെട്ടിരിക്കുന്നു. തുടക്കത്തിൽ വനാവകാശനിയമം നടപ്പിലാക്കുന്നതിന്റെ മുൻപന്തിയിൽ നിന്ന സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടിരുന്നു. എന്നാൽ 2015ൽ ഉയർച്ച കണ്ടെങ്കിലും പിന്നീട് അത് മന്ദഗതി പ്രാപിച്ചു (Bachan 2017:14)

പ്പെടുത്തി. ഇതിനുശേഷം ഉയർന്നുവന്ന ഊഹക്കച്ചവടമുതലാളിത്തം വന്യജീവി ടൂറിസത്തെയും ഇക്കോ-ടൂറിസത്തെയും വളർത്തി. ഇത് ആയിടങ്ങളിൽ വന്യജീവിസംരക്ഷണ വ്യവഹാരങ്ങൾക്ക് ആക്കം കൂട്ടി. ഇത് നേരിട്ടു ബാധിച്ചത് ആദിവാസികൾക്ക് വനത്തിന്മേലുള്ള പ്രവേശനാവകാശത്തെയും അവരുടെ ഭൂഅവകാശങ്ങളെയുമാണ് (Margulies 2018). സിഡിഎസ്സിൽ നടത്തിയ ചർച്ചകളും തുടർന്ന് ആദിവാസി ഊരുകളിൽ നടത്തിയ അഭിമുഖങ്ങളും വനംവകുപ്പ് ഉദ്യോഗസ്ഥരുടെ അമിത ഇടപെടലുകളെപ്പറ്റി അക്കാദമികപഠനങ്ങൾ നടത്തുന്ന നിരീക്ഷണങ്ങളെ ശരിവച്ചു. CFR മാപ്പിങ് നടത്തുന്നതിൽ അനധികൃതമായ മുൻകൈ എടുക്കുന്നതു മുതൽ വനാവകാശകമ്മറ്റികൾക്ക് സാധനങ്ങൾ കൊണ്ടുപോകാൻ ആവശ്യമായ പെർമിറ്റുകൾ നിഷേധിക്കുക, വനാവകാശസമിതികൾ പോലുള്ള സമാന്തര (നിയമസാധുതയില്ലാത്ത) സ്ഥാപനങ്ങളെ നിലനിർത്തുക എന്നതുവരെയുള്ള നിയമലംഘനങ്ങൾ ഈ ഉദ്യോഗസ്ഥരുടെ പക്ഷത്തുനിന്ന് ഉണ്ടാകുന്നുണ്ട്. വനാവകാശനിയമസാക്ഷാത്കാരത്തിന് ആവശ്യമായ സ്ഥാപനപശ്ചാത്തലം ഒരുക്കുന്നതിൽ പല പഞ്ചായത്തുകളും കാട്ടുന്ന ഉപേക്ഷയും ഈ നിയമത്തെപ്പറ്റി ശരിയായ അവബോധം സൃഷ്ടിക്കാൻ അവ താത്പര്യമെടുക്കാത്തതും ഞങ്ങൾ നടത്തിയ അഭിമുഖങ്ങളിലും ചർച്ചകളിലും പല തവണ പരാമർശിക്കപ്പെട്ടു. പഞ്ചായത്തിന്റെ വശത്ത് കാര്യമായ കുറ്റമില്ലാത്ത ഇടങ്ങളിൽ പോലും, ആദിവാസിജനങ്ങളുടെ മുൻഗണനകൾക്ക് കാര്യമായ പരിഗണന നൽകാത്തതുകൊണ്ട് ക്ഷേമവിഭവങ്ങൾ നൽകാനുള്ള ശ്രമങ്ങൾ തിരിച്ചടിച്ചതിനെപ്പറ്റിയുള്ള ഗവേഷണപഠനങ്ങളുണ്ട് (ഉദാഹരണത്തിന്, കാണുക Damodaran 2006); ഇതുകൂടാതെ ആദിവാസികളുടെ പല പരമ്പരാഗതസ്ഥാപനങ്ങളും-മൂപ്പനടക്കം-പലപ്പോഴും ചൂഷകശക്തികൾക്കു വിധേയമാണെന്നും (ആദിവാസിജനങ്ങൾ ഇന്ന് എന്നത്തെക്കാളും അവയെ ചെറുക്കുന്നുണ്ടെങ്കിലും, സ്വന്തമായി അറിവു കണ്ടെത്താൻ അവർ ശ്രമിക്കുന്നുണ്ടെങ്കിലും), ആദിവാസികളല്ലാത്തവർ അവരെ ഉപയോഗിച്ച് വൻവിഭവങ്ങളെ നശിപ്പിക്കുമെന്ന വനംവകുപ്പിന്റെ ഭീതി (ഇത് ചരിത്രാനുഭവമാണ്; അതുകൊണ്ട് ഈ ഭീതിക്ക് ന്യായീകരണമില്ല എന്ന് തീർത്തുപറയാനാവില്ല) എന്നിവയും വനാവകാശനിയമനടത്തിപ്പിന്റെ വഴിയിലെ തടസ്സങ്ങളാണ്.

അട്ടപ്പാടി, വയനാട് പോലുള്ള ആദിവാസിഭൂരിപക്ഷപ്രദേശങ്ങളെ സംബന്ധിച്ചുള്ള ചരിത്രപഠനങ്ങൾ ഈ അനീതിപൂർവ്വമായ സാഹചര്യം എങ്ങനെ നിലവിൽ വന്നു എന്ന് വിശദീകരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിൽ, സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ, ബ്രിട്ടീഷ് അധിനിവേശശക്തി രൂപപ്പെടുത്തിയ വനമാനേജ്മെന്റ് സംസ്കാരം സംസ്ഥാന വനംവകുപ്പി

ന്റെ ഭരണരീതിയുടെ ഭാഗമായിത്തന്നെ തുടർന്നു. ഈ മേഖലകളിലേക്ക് ആദിവാസികളല്ലാത്തവർ തള്ളിക്കയറിയതോടെ ഇവിടുത്തെ ജനസംഖ്യാ സ്വഭാവം തന്നെ മാറിമറിഞ്ഞു; ആദിവാസികൾ ഭൂരഹിത-അധികാരശൂന്യ ന്യൂനപക്ഷമായി. വിപണിവത്കൃത കൃഷി ഇവിടങ്ങളിൽ വ്യാപകമായ തോടെ ആദിവാസികൾ കുറഞ്ഞകഴിവ് ആവശ്യപ്പെടുന്ന, കുറഞ്ഞകൂലി മാത്രം കിട്ടുന്ന തൊഴിലുകളെ കൂടുതൽക്കൂടുതലായി ആശ്രയിച്ചുതുടങ്ങി. ഇവിടുത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളധികവും കുടിയേറ്റക്കാരുടെ താത്പ ര്യങ്ങളെയാണ് സംരക്ഷിച്ചത്, സംസ്ഥാനതലരാഷ്ട്രീയത്തിലാകട്ടെ, ആദി വാസികൾക്ക് സമീപകാലംവരെയും കാര്യമായ ദൃശ്യത ഉണ്ടായിരുന്നില്ല. കന്യാകുമാരിജില്ലയിലെ തീരദേശസമുദായങ്ങളെപ്പറ്റി സമീപകാലത്ത് നടന്ന ഒരു ശ്രദ്ധേയമായ പഠനം അവിടെ രൂപപ്പെട്ട 'ദേശ്യ'മായ ("vernacular") സി വിൽ സമൂഹത്തെപ്പറ്റി പറയുന്നു. കടൽ വിഭവങ്ങളെ വിപണിവത്കൃതചൂഷ ണത്തിനു വിധേയമാക്കിയ താത്പര്യങ്ങൾക്കെതിരെ ജനങ്ങൾ സംഘടിച്ച തിന്റെ പശ്ചാത്തലം ഈ സിവിൽ സമൂഹമത്രെ (Sundar 2012). ഇതിനോടു സമാനമായ സിവിൽസമൂഹം ആദിവാസിവിഭാഗങ്ങൾക്കിടയിൽ ഉണ്ടായത് 1990കളിൽ മാത്രമാണ്. ഇക്കൂട്ടരാകട്ടെ, അധികാരവികേന്ദ്രീകരണത്തിന്റെ ചട്ടക്കൂടും അതിന്റെ പ്രവർത്തനവും ആദിവാസികൾക്ക് പൂർണമായ പൗരത്വം നേടിയെടിക്കാൻ പ്രാപ്തമല്ലെന്നും വിശ്വസിക്കുന്നു.

ആദിവാസിജനങ്ങൾ ബ്രിട്ടീഷ് കാലം മുതൽ സഹിച്ചുവരുന്ന 'ഉദ്യോഗസ്ഥ ആധുനികത'യുടെ (bureaucratic modernity) ശേഷിപ്പു കളും പുതുരൂപങ്ങളുമാണ് അവരുടെ പൂർണപൗരത്വത്തിന്റെ വഴിയി ലെ ഒരു പ്രധാനപ്പെട്ട തടസ്സം. ഈ അടിച്ചമർത്തൽ ഇത്രയും കാലം നില നിന്നതിനു പിന്നിൽ ആദിവാസിജനങ്ങളുടെ അറിവുകളെയും അനുഭവങ്ങ ളെയും നിരന്തരം വിലയിടിച്ചുകാണുന്ന മനോഭാവവും ഉണ്ടെന്നു തീർച്ച തന്നെ. പത്തൊൻപതാം നൂറ്റാണ്ടിലും അതിനും ശേഷവും കേരളം സാക്ഷി യായ ആധുനികതയുടെ ഒരു സവിശേഷത, പല ജനവിഭാഗങ്ങൾ ആധു നിക വിജ്ഞാനവും സ്ഥാപനങ്ങളും സ്വീകരിച്ച് സ്വയം ശാക്തീകരിക്കാൻ നടത്തിയ കാര്യമായ പരിശ്രമം തന്നെ. എന്നാൽ വിരോധാഭാസമെന്നു പറ യട്ടെ, മലയാളിജാതിവ്യവസ്ഥയുടെ കീഴ്ത്തട്ടിൽ അമർത്തപ്പെട്ട ജനവിഭാഗ ങ്ങളുടെ കൈവശമുണ്ടായിരുന്ന അറിവുകളെയും കഴിവുകളെയും മറ്റും വിലയിടിച്ചു കാണുന്നതും ഇതേ കാലത്ത് വ്യാപകമായി. അവരുടെ പരമ്പ രാഗതകഴിവുകളെ ആധുനികശേഷികൾ (modern capabilities) ആയി മാറ്റി ത്തീർക്കാനുള്ള സാദ്ധ്യത ഉയർന്നുവന്നെങ്കിലും ആ സാദ്ധ്യതകളെ തള്ളി ക്കളയാനാണ് അക്കാലത്തെ വരേണ്യർ തുനിഞ്ഞത്. തിരുവിതാംകൂറിലും കൊച്ചിയിലും ആദിവാസി അധീനതയിലായിരുന്ന വനഭൂമിയെ ആദ്യം കണ്ണു

വച്ചത് വെള്ളക്കാരായ തോട്ടമുടമകളായിരുന്നു; ക്രമേണ ഇന്ത്യാക്കാരായ തോട്ടമുടമകളും ആദിവാസിഭൂമി കൈയേറിത്തുടങ്ങി. എന്നാൽ യഥാർത്ഥ ദുരന്തം, ആദിവാസി അറിവിന്റെ വിനിയോഗത്തിലായിരുന്നു. വനമേഖല കളിലേക്കു കടക്കാനും വനവിഭവസംബന്ധമായ അറിവു നേടാനും ആദി വാസികളുടെ ആർജിത അറിവുകളെയും പരിചയത്തെയും ബ്രിട്ടീഷ് വന പാലകർ നന്നായി മുതലെടുത്തു[10]. അവർ ആദിവാസികളെ തങ്ങളുടെ ഭൂമി യിൽതന്നെ അന്യരാക്കിത്തീർത്തു; നിരന്തരമായ സൂക്ഷ്മ - നിത്യനിരീക്ഷണ സംവിധാനം (surveillance) അവർക്കുമേൽ സ്ഥാപിക്കുകയും ചെയ്തു. വനങ്ങളെ വെറും വിഭവ-ഇടങ്ങളായി വിഭാവനം ചെയ്തു കീഴടക്കിക്കഴി ഞ്ഞപ്പോൾ ആദിവാസിജനങ്ങളുടെ പരമ്പരാഗത ഇക്കോളജീയ അറിവുകൾ അപക്വവും അപ്രസക്തവുമായി തള്ളിക്കളയപ്പെട്ടു. 1920കൾ മുതൽ 1980കൾ വരെ മലമ്പ്രദേശങ്ങളിലെ കുടിയേറ്റകൃഷി എല്ലായ്പ്പോഴും ഊന്നൽ നൽ കിയത് വിപണിവത്കൃതകൃഷിക്ക് ഉതകിയ ശേഷികൾക്കാണ്. 1960കളോടെ അത് ദേശീയതാത്പര്യമായി എണ്ണപ്പെടുകയും ചെയ്തു. ആദിവാസിജന ങ്ങളും അവരുടെ പരിസ്ഥിതിസുസ്ഥിര ഉപജീവനങ്ങളും ഇതോടെ പൂർണ മായും പുറന്തള്ളപ്പെട്ടു[11]. നിയമനിർമ്മാണം പലതവണ ഉണ്ടായിട്ടും - അതാ യത് 1970കളിലെ ഭൂപരിഷ്കരണമടക്കം ഉണ്ടായിട്ടും - ആദിവാസികൾ എല്ലാത്തരത്തിലും ന്യൂനപക്ഷമായി മാറിക്കൊണ്ടേയിരുന്നു - ജനസംഖ്യാപ രമായും വികസനപരമായും സാംസ്കാരികമായും (Bijoy and Raman 2003).

ഇന്ന് നാം നേരിടുന്ന ഇക്കോളജീയ പ്രതിസന്ധിയുടെയും, മുക ളിൽ വിവരിച്ച ചരിത്രത്തിന്റെയും വെളിച്ചത്തിൽ വനാവകാശനിയമസാക്ഷാ ത്കാരത്തിന് കേരളത്തിലുള്ള പ്രാധാന്യം ചെറുതല്ലെന്ന് കാണാം. അതായത്, 'ഉദ്യോഗസ്ഥ ആധുനികത'യുടെ[12] നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെടാ നുള്ള അവസരമാണിത്. കൂടാതെ, ഇതിലൂടെ നമ്മുടെ തദ്ദേശഭരണസംവി ധാനത്തിന് ജനാധിപത്യവത്കരണശക്തിയായി മാറാനും, ഇന്നത്തെ ഇക്കോ ളജീയ വെല്ലുവിളികളെ ഫലപ്രദമായി നേരിടാനുംകഴിയും.

---

[10] 1983ൽ TF Bourdillon രചിച്ച *Reports on the Forest of Travancore* കാണുക

[11] ഇതിൽ 'സംസ്കൃതി'യുടേതായ (civilisation) ഒരു വ്യവഹാരം മുഖ്യപങ്കു വഹിച്ചു, പ്രത്യേ കിച്ചു 1960കളിൽ (Varghese 2006:160). ഇതിന്റെ ഒരു മാർക്സിസ്റ്റ് വകഭേദവും അക്കാലത്ത് പ്രചരിച്ചിരുന്നു. പ്രാകൃത കമ്മ്യൂണിസത്തിന്റെ അനിവാര്യമായ തകർച്ചയായി ആദിവാസിക ളുടെ ചരിത്രാനുഭവത്തെ ചിത്രീകരിക്കാനാണ് ഇതു ശ്രമിച്ചത്.

[12] യുക്തിവത്കരണസ്വഭാവമുള്ളതും വരേണ്യവുമായ ഒരു ഉദ്യോഗവർഗത്തിന്റെ മാദ്ധ്യ സ്ഥ്യത്തിലൂടെ ആധുനികതയെയും മുതലാളിത്തത്തെയും പരിചയിക്കേണ്ടി വന്ന അവ സ്ഥയെയാണ് 'ഉദ്യോഗസ്ഥ ആധുനികത' എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്. ആദി വാസിജനങ്ങൾ അനുഭവിച്ച പുറംതള്ളലിനോട് ധാർമ്മികമായ നിസ്സംഗത മുഖ്യധാരയിൽ വളർത്തിയെടുക്കാൻ ഉദ്യോഗസ്ഥയുക്തിവത്കരണവും ദൈനംദിനചിട്ടയാക്കലും സഹായി ക്കാറുണ്ടെന്ന് നാസിവംശഹത്യാശ്രമങ്ങളുടെ വെളിച്ചത്തിൽ സിഗ്മണ്ട് ബൗമാനെ പോലുള്ള വർ വാദിക്കുന്നു (കാണുക, Bauman 1989).

**സമീപനം**

കേരളത്തിൽ വനാവകാശനിയമം കാര്യമായി നടപ്പിലാക്കിയിട്ടില്ലെന്നു മാത്രമല്ല, ആദിവാസിജനങ്ങളെ പാർശ്വവത്കരിച്ച വ്യവസ്ഥാപിതഹിംസയ്ക്ക് ഇന്നും യാതൊരു കുറവുമുണ്ടായിട്ടില്ലെന്നാണ് ലഭ്യമായ എല്ലാ വിവരസ്രോതസ്സുകളും സൂചിപ്പിക്കുന്നത്. കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ 164a വകുപ്പ് ആദിവാസികൾക്ക് പ്രത്യേകചട്ടങ്ങൾ അനുവദിക്കുന്നു എന്നത് വാസ്തവം തന്നെ; അതുപോലെ 2003ൽ ഇറങ്ങിയ സർക്കാർ ഉത്തരവുപ്രകാരം പട്ടികവർഗസബ്പ്ലാനിന്റെ മുൻഗണനകളെയും ഗുണഭോക്താക്കളെയും നിശ്ചയിക്കേണ്ടത് ആദിവാസി ഊരുകളാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാലും കേരളത്തിലെ പട്ടികവർഗജനങ്ങൾക്ക് ഇതൊന്നും ഗുണപ്രദമായിട്ടില്ലെന്ന സൂചനയാണ് ഈ വിഷയത്തെപ്പറ്റി രൂപപ്പെട്ടിട്ടുള്ള ഗവേഷണങ്ങളും വാർത്തകളും പഠനറിപ്പോർട്ടുകളും മറ്റും നൽകുന്നത്. ഊരുകൂട്ടത്തിന് സമാന്തരമായി പ്രവർത്തിക്കുന്ന പല സംവിധാനങ്ങളും കേരളത്തിലിന്ന് നിലവിലുണ്ട്. അവയുടെ പ്രവർത്തനം വനാവകാശനിയമത്തിന്റെ വെളിച്ചത്തിൽ അനധികൃതമാണ്; വനാവകാശനിയമസാക്ഷാത്കാരത്തിന് അവ തടസ്സവുമാണ്. അതുകൊണ്ട് വനാവകാശനിയമം ഫലപ്രദമായി നടപ്പിൽവരുത്താൻ ഊരുകൂട്ടങ്ങളെ ആദ്യം ശാക്തീകരിക്കുകയാണ് വേണ്ടത്. മറ്റെല്ലാ സംവിധാനങ്ങളെയും അസന്ദിഗ്ധമായ രീതിയിൽ ഊരുകൂട്ടത്തിനു കീഴിൽ അനിവാര്യമായും കൊണ്ടുവരേണ്ടതാണ്. കേരളാപഞ്ചായത്തീരാജ് നിയമത്തിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തി അതിനെ വനാവകാശനിയമത്തിന് അനുരൂപമാക്കി മാറ്റേണ്ടതുണ്ട്. ഈ ദിശയിലേക്കുള്ള മാറ്റത്തിന്റെ പ്രാധാന്യത്തെ എത്ര ഊന്നിപ്പറഞ്ഞാലും മതിയാവില്ല; കാരണം, വനാവകാശസമിതികൾക്കും ഗ്രാമസഭകൾക്കും കീഴിലുള്ള സമൂഹവനാവകാശസമിതികൾക്ക് വനാവകാശനിയമപ്രകാരം സുവ്യക്തമായ നിയന്ത്രണാധികാരങ്ങൾ കല്പിക്കപ്പെടുന്നു (ഉദാഹരണത്തിന്, വകുപ്പ് 5 (a മുതൽ d വരെ, വകുപ്പ് 3.1 (c), വകുപ്പ് 4.1 (e മുതൽ g വരെ), വകുപ്പ് 4 (2e), വകുപ്പ് 7).

കേരളത്തിന്റെ തദ്ദേശഭരണസംവിധാനത്തെ വനാവകാശനിയമസാക്ഷാത്കാരത്തിന് ഉതകുംവിധം മാറ്റിയെഴുതാൻ പലതലങ്ങളിൽ ഉണ്ടാക്കേണ്ട തിരുത്തലുകളെയും കൂട്ടിച്ചേർക്കലുകളെയും കുറിച്ച് കൂട്ടായ ആലോചനയുടെ ഫലമാണ് ഈ സമ്മർദ്ദരേഖ.

**വനാവകാശനിയമത്തിന്റെ സാക്ഷാത്കാരത്തിലൂടെ കേരളത്തിലെ ആദിവാസിജനങ്ങളുടെ ശാക്തീകരണം-*അടിസ്ഥാന ഉപാധികൾ***

കേരളത്തിലെ തദ്ദേശജനാധിപത്യവ്യവസ്ഥ ആദിവാസികൾക്ക് അനുകൂലമാകാൻ അവശ്യമുണ്ടാകേണ്ടുന്ന സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക ഉപാ

ധികൾ എന്തെല്ലാമെന്ന ചോദ്യത്തിന് ഉത്തരമായി ചർച്ചകളിൽ ഉയർന്നുവന്ന അടിസ്ഥാനധാരണകളാണ് താഴെ.

1. കേരളം ഇതുവരെ പിൻതുടർന്നു വന്നിട്ടുള്ള വികസനമാതൃകയ്ക്കുള്ളിൽ വ്യക്തമായ അവകാശങ്ങളും ആവശ്യങ്ങളുമുള്ള വികസനന്യൂനപക്ഷമായി ആദിവാസികൾ അംഗീകരിക്കപ്പെടണം. ആദിവാസിജനങ്ങൾക്കിടയിലുള്ള ഉച്ചനീചത്വങ്ങൾ, അസമത്വങ്ങൾ മുതലായവയെയും അവർക്കിടയിൽ ജീവിതരീതി, സാംസ്കാരികാംശങ്ങൾ, പൊതുലക്ഷ്യങ്ങൾ, കഴിവുകൾ, അറിവുകൾ മുതലായവയിൽ നിലവിലുള്ള വൈവിധ്യങ്ങൾ, ഇവ ഇതിനു തടസ്സമായി കണക്കാക്കരുത്.

2. ആദിവാസികൾ പ്രത്യേക ജനങ്ങളാണെന്നും അവർ വെറും ജാതികൾ മാത്രമല്ലെന്നും, അവരുടെ സാംസ്കാരികവേരുകളും ലോകങ്ങളും സാംസ്കാരിക മുഖ്യധാരയിലേക്കു ചുരുക്കപ്പെട്ടുകൂട എന്നും പ്രത്യക്ഷമായ തിരിച്ചറിവുണ്ടാകണം.

3. കാട്ടിൽ ജീവിക്കുന്നവരും കർഷകവൃത്തിയിൽ ഏർപ്പെടുന്നവരുമായ ആദിവാസിജനങ്ങൾക്ക് സവിശേഷവും അനന്യവുമായ പരിചയവും പ്രാപ്തികളും ഉണ്ടെന്നും, സമീപകാല പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ അവ വളരെ പ്രസക്തവുമാണെന്ന തുറന്ന അംഗീകാരം മുഖ്യധാരയിൽ നിന്ന് ഉണ്ടാകണം.

4. ചെറുവനവിഭവങ്ങൾക്കുമേൽ വ്യക്തമായ അവകാശങ്ങൾ ആദിവാസിജനങ്ങൾക്കുണ്ടെന്നും, വനസ്ഥലത്തിന്റെ ഗണ്യമായ ഒരു പങ്കിലേക്ക് തികച്ചും സ്വാതന്ത്രമായ പ്രവേശനസാദ്ധ്യത അവർക്കുണ്ടെന്നും അസന്ദിഗ്ധമായ സമ്മതം സർക്കാരിലും പുറത്തും ഉണ്ടായിരിക്കണം.

5. സർക്കാർ വകുപ്പുകൾ ഉൾപ്പെടെ പുറത്തുനിന്നു വരുന്ന എല്ലാ ഏജൻസികളോടും തുല്യനിലയിൽ, വിമർശനാത്മകമായി, ഇടപെടാനും വിലപേശാനും കഴിവുള്ള പുതിയ പൗരസമൂഹത്തെ ആദിവാസിജനങ്ങൾക്കിടയിൽ വളർത്തിയെടുക്കുന്നതിനോടുള്ള പൂർണമായ പ്രതിബദ്ധത ആദിവാസി വികസനവൃത്തങ്ങളിൽ ദൃശ്യമാകണം.

6. കേരളത്തിലെ ആദിവാസിജനവിഭാഗങ്ങൾക്കായി പ്രവർത്തിക്കുന്ന എല്ലാ ഔദ്യോഗികസംവിധാനങ്ങളിലും അവരുടെ ശബ്ദം കേൾക്കാനനുവദിക്കുന്ന വ്യവസ്ഥകളും വേദികളും നിർമ്മിക്കപ്പെടണം. അവർക്ക് ഇന്നു ലഭിച്ചുവരുന്ന പ്രതിനിധ്യത്തിന് ഉപരിയായിത്തന്നെ.

7. ആദിവാസിജനങ്ങളെ ബാധിക്കുന്ന എല്ലാ വികസനകാര്യങ്ങളെയും തീരുമാനങ്ങളെയും ആദിവാസിഭാഷകളിൽ ലഭ്യമാക്കണം. വനാവകാശ ഗ്രാമസഭകൾ നിർബന്ധമായും അതാതു ജനങ്ങളുടെ ഭാഷയിൽ ആയിരിക്കണം. ആദിവാസിസാംസ്കാരികമൂല്യങ്ങളെ ബഹുമാനിക്കുന്നതിനോടൊപ്പം, ആദിവാസിജനസംസ്കാരത്തിൽ സമീപകാലത്തുണ്ടായ മാറ്റങ്ങൾ അംഗീകരിക്കപ്പെടുകയും വേണം.

8. ആദിവാസിസമൂഹത്തെ ഉന്നംവയ്ക്കുന്ന എല്ലാ ആസൂത്രണ ഇടപെടലുകളും ആദിവാസികളുടേതായ ഗ്രാമസഭകളിലും വേദികളിലും നിർബന്ധമായും ചർച്ച ചെയ്യണം. അവ സംബന്ധിച്ചുള്ള അന്തിമതീരുമാനം ഈ ഇടങ്ങളിൽ നടക്കുന്ന ചർച്ചയുടെ അടിസ്ഥാനത്തിലാവണം.

9. ആദിവാസിമേഖലകളിൽ സർക്കാരോ മറ്റ് ഏജൻസികളോ പദ്ധതിയിട്ടു നടത്താനുദ്ദേശിക്കുന്ന എല്ലാ ഇടപെടലുകളെയും വനാവകാശ നിയമഗ്രാമസഭകളിൽ നിർബന്ധമായും ചർച്ചയ്ക്കു വിധേയമാക്കുമെന്ന് ഉറപ്പാക്കണം. കാടുകളിൽ ആരംഭിക്കുന്ന വിതരണശൃംഖലകൾ (മരുന്നുകളുടെയും മറ്റു ചെറുവനവിഭവങ്ങളുടെയും) ആദിവാസികളുടെ ആർജിത പരിസ്ഥിതിഅറിവുകളെ അവഗണിക്കുമ്പോൾ ജൈവവൈവിധ്യം അവതാളത്തിലാവുകയും ഈ ശൃംഖലകൾ ദീർഘ-മദ്ധ്യകാലയളവുകളിൽ സുസ്ഥിരമല്ലാതാവുകയും ചെയ്യും. ഈ അവഗണനയുടെ ഫലമായി ആദിവാസിജനതയുടെ പല അറിവുകളും കഴിവുകളും നഷ്ടമാകും. ആദിവാസിഅറിവുകളെ പരിശോധിക്കാനും രേഖപ്പെടുത്തി നിലനിർത്താനുള്ള അവസരം പോലും ഇല്ലാതാകും. അതിനാൽ വനാവകാശനിയമപ്രകാരമുള്ള ഏതൊരിടപെടലും, അതു സംരക്ഷണത്തെയോ ഉപജീവനത്തെയോ ഉദ്ദേശിച്ചുള്ളതായാലും, വനാവകാശനിയമഗ്രാമസഭകളിൽ നിർബന്ധമായും ചർച്ചചെയ്യപ്പെടണം.

**അടിസ്ഥാന ഉപാധികൾ യാഥാർത്ഥ്യമാകാൻ ഏതു മാർഗങ്ങളാണ് സ്വീകരിക്കേണ്ടത്?**

ആദിവാസിജനങ്ങൾ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക പട്ടികവർഗപഞ്ചായത്തുകൾ സ്ഥാപിക്കുക എന്നതാണ് ഏറ്റവും സുവ്യക്തമായ മാർഗം. കേരളത്തിൽ വനാവകാശനിയമം നടപ്പാക്കാൻ ഇതാണ് വേണ്ടതെന്ന അഭിപ്രായം ഞങ്ങളുടെ ചർച്ചകളിൽ കാര്യമായി ഉയർന്നു. വനാവകാശനിയമത്തോടു താദാത്മ്യം പ്രാപിക്കുംവിധം കേരള പഞ്ചായത്തീരാജ് നിയമത്തിൽ ഉചിതമായ ഒരു പുതിയ അദ്ധ്യായം ചേർക്കലാകാം ഇതിലേക്കുള്ള ആദ്യപടി. താഴെപ്പറയുന്ന അടിസ്ഥാനമാറ്റങ്ങളാണ് ഈ അദ്ധ്യായത്തിലൂടെ നടപ്പിൽവരേണ്ടത്.

1. കേരളത്തിലെ പഞ്ചായത്തുകളുടെ എണ്ണത്തെ 1000ത്തോളമാക്കി ഒതുക്കുക എന്ന (പരോക്ഷ) തീരുമാനത്തെ ഉപേക്ഷിക്കുക. നേരിട്ടുള്ള ജനാധിപത്യത്തെയും ഉദ്യോഗസ്ഥഭരണത്തിന്റെ അതിപ്രസരത്തെയും ചുരുക്കുന്ന ചെറു പഞ്ചായത്തുകളുണ്ടാക്കാൻ ഇത് അനിവാര്യമാണ്. കൂടുതൽ ജനങ്ങൾക്ക് നേരിട്ടുള്ള ജനാധിപത്യപ്രക്രിയകളിൽ പങ്കാളികളാകാൻ സാധിക്കുംവിധം വാർഡുകളുടെ പുനർനിർണയവും ഇതിൽ അനിവാര്യമാണ്. വാർഡുകളുടെ പരിധി നിർണയം ജനങ്ങളുടെ സ്ഥലസംബന്ധമായ ധാരണകളെയോ കുറഞ്ഞപക്ഷം ഭൂപ്രകൃതിസവിശേഷതകളെയോ ആസ്പദമാക്കണം.

2. പട്ടികവർഗപഞ്ചായത്തുഭരണം പഞ്ചായത്ത് തെരെഞ്ഞെടുക്കുന്ന സ്റ്റാന്റിങ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കണം. ഭരണകാര്യനടപടിക്രമങ്ങൾ, മീറ്റിങ് നിർവഹണചട്ടങ്ങൾ, രേഖകളുടെ ശേഖരണം, സൂക്ഷിപ്പ് മുതലായ കാര്യങ്ങൾ തീരുമാനിക്കുന്നത് ഈ സമിതി ആയിരിക്കണം. സമിതി തീരുമാനിക്കുന്ന ഉദ്യോഗസ്ഥരും അതാതു പഞ്ചായത്തുപരിധിയിൽ താമസിക്കുന്നവരും ആദിവാസികളുമായിരിക്കണം.

3. കഴിയുന്നിടത്തോളം ഏതെങ്കിലും ഒരു ആദിവാസിഗോത്രത്തെ കേന്ദ്രീകരിക്കുന്നതോ, ഗോത്രവൈജാത്യം അധികമാകാതെ വ്യത്യസ്തഗോത്രങ്ങൾ പങ്കുവയ്ക്കുന്നതോ ആയ പഞ്ചായത്തുകളാണ് അഭികാമ്യം. പഞ്ചായത്തുനിയമത്തിന്റെ മറ്റ് വ്യവസ്ഥകളിൽ പ്രത്യേകം എടുത്തുപറയപ്പെട്ടവ മാത്രമേ പട്ടികവർഗപഞ്ചായത്തുകൾക്കു ബാധകമായിരിക്കുഉള്ളൂ. പെസാ (PESA) നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗോത്രനിർവചനത്തെ മാതൃകയായി സ്വീകരിക്കാവുന്നതാണ്.

4. പട്ടികവർഗപഞ്ചായത്തുകളിൽ ധനവിനിയോഗം സുഗമമാക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനായി സർക്കാർ ഓഡിറ്റിങ് വിദഗ്ദ്ധരും CAGയുടെ പ്രതിനിധികളും ആദിവാസിപ്രതിനിധികളും ചേർന്ന് തീരുമാനങ്ങൾ നിർദ്ദേശിക്കണം. ഡിജിറ്റൽ സൗകര്യങ്ങൾ ഉപയോഗിച്ച് എല്ലാ രേഖകളും ഒരു കേന്ദ്രസംവിധാനത്തിനുള്ളിൽ ശേഖരിക്കണം. പട്ടികവർഗപഞ്ചായത്തുകളിലെ ഓഡിറ്റിങ്, മോണിറ്ററിങ് മുതലായ നടപടികൾ മുൻകാലപ്രാബല്യത്തോടെ വേണം നടക്കാൻ. ഉദ്യോഗസ്ഥ ഇടപെടൽ കൂടാതെ ഭരണസമിതിക്ക് തീരുമാനമെടുക്കാൻ ഇതാവശ്യമാണ്.

5. പഞ്ചായത്തിലെ ഏറ്റവും വലിയ ആദിവാസിസമൂഹത്തിന്റെ ഭാഷയെ ഔദ്യോഗിക ഭാഷയായി സ്വീകരിക്കാം. ഒന്നിലധികം സമുദായങ്ങളുണ്ടെങ്കിൽ ഏതായിരിക്കും ഭരണഭാഷയെന്ന് പഞ്ചായത്ത് തീരുമാനിക്കുന്ന രീതിയാണ് അഭിലഷണീയം.

6. ഇന്ത്യൻ ഭരണഘടനയുടെ ഷെഡ്യൂൾ അഞ്ചിൽ ഉൾച്ചേർക്കപ്പെട്ട ആദിവാസിഭൂമി അന്യാധീനമാകുന്നതിനും ആദിവാസിഭൂമിയിൽ കോർപ്പറേറ്റ് കൈയേറ്റമുണ്ടാകുന്നതിനും മറ്റും എതിരെയുള്ള വ്യവസ്ഥകളെ പട്ടികവർഗപഞ്ചായത്തിന്റെ തീരുമാനമെടുക്കൽ പരിധിയിൽ ചേർക്കണം. കേരളത്തിലെ ആദിവാസിമേഖലകളെ ഷെഡ്യൂൾ അഞ്ച് മേഖലകളാക്കി മാറ്റാൻ കേരളസർക്കാർ പലതവണ സമ്മതം പ്രകടിപ്പിച്ചിട്ടുണ്ടെന്നതും ഇവിടെ പ്രസക്തമാണ്[13].

എന്നാൽ പട്ടികവർഗപഞ്ചായത്തുകളുടെ സൃഷ്ടി പ്രായോഗികമാക്കാൻ കാലതാമസം സുനിശ്ചിതമാണെന്ന് ആ നിർദ്ദേശം ഉന്നയിച്ചവരടക്കം സമ്മതിക്കുകയുണ്ടായി. ഇന്നു നിലവിലുള്ള തദ്ദേശസ്വയംഭരണസംവിധാനത്തിന്റെ വിശാലചട്ടക്കൂടുതന്നെ ഇതിനായി പരിഷ്കരിക്കേണ്ടി വരും; കേരളാ പഞ്ചായത്തീരാജ് നിയമത്തിൽ പുതുതായി ഒരധ്യായം കൂടി ചേർക്കേണ്ടി വരും. ശക്തമായ രാഷ്ട്രീയഇച്ഛാശക്തിയും ആദിവാസിസമൂഹത്തിനിടയിൽത്തന്നെ വ്യാപകമായ തയ്യാറെടുപ്പുകളും ഇതിനു വേണ്ടിവരും. അതുകൊണ്ടു ഹ്രസ്വകാലത്തിൽ നിലവിലുള്ള തദ്ദേശഭരണസംവിധാനത്തെ വനാവകാശനിയമം നടപ്പാക്കാനായി പരിഷ്കരിക്കുന്നതും പ്രയോജനപ്പെടുത്തുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ഉന്നയിക്കപ്പെട്ടു. അവ താഴെ ചേർക്കുന്നു:

1) തദ്ദേശഭരണസ്ഥാപനങ്ങളെ വനാവകാശനിയമം ഫലപ്രദമായി നടപ്പാക്കുന്ന ശക്തികളാക്കിത്തീർക്കുന്ന പ്രക്രിയയുടെ ആദ്യചുവടിൽ 1990കളിൽ ജനകീയാസൂത്രണത്തിന്റെ വിജയത്തിനു കാരണമായ പ്രചാരണ പരിപാടിയുടെ മാതൃക സ്വീകരിക്കാവുന്നതാണ്. ആദിവാസിജനസംഖ്യ ഗണ്യമായ പഞ്ചായത്തുകളിൽ വനാവകാശം നടപ്പാക്കുക എന്ന പ്രത്യേക ഉദ്ദേശത്തോടെ, കാര്യമായ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട്, ജനകീയവികസനപ്രചാരണപരിപാടി ആസൂത്രണം ചെയ്യുക.

2) വനാവകാശനിയമം ഫലപ്രദമായി നടപ്പാക്കപ്പെട്ട ഇടങ്ങളുടെ അനുഭവങ്ങളിലൂന്നിക്കൊണ്ട് ഈ നിയമം ഇവിടെ നടപ്പാക്കാൻ നമ്മെ സഹായി

[13] സിഡിഎസ്സ് ചർച്ചകളിൽ പങ്കാളിയായ ശ്രീ. ടി മാധവമേനോൻ ഐഎഎസ് താഴെപ്പറയുന്ന സ്ഥലങ്ങളെ ഉടനടി എസ്ടി പഞ്ചായത്തുകളാക്കി മാറ്റണം എന്ന് ശുപാർശചെയ്തു

i കാട്ടുനായ്ക്കൻ, മുല്ലക്കുറുമ്പ, ഊരാളിക്കുറുമ്പ, പണിയ എന്നീ വർഗ്ഗക്കാർക്കായി വയനാട്ടിൽ മുത്തങ്ങ ആസ്ഥാനമാക്കി പ്രത്യേക എസ്ടി പഞ്ചായത്ത്

ii കുറുമ്പർക്ക് അട്ടപ്പാടിയിൽ പ്രത്യേക പഞ്ചായത്ത്

iii കാടർ, മലമലശർ, മലശർ വിഭാഗങ്ങൾക്ക് പറമ്പിക്കുളത്ത് പ്രത്യേക പഞ്ചായത്ത്

iv ഇപ്പോൾ നിലവിലുള്ള ഇടമലക്കുടി

v മലപ്പണ്ടാരങ്ങൾക്കായി പ്രത്യേക പഞ്ചായത്ത്

vi നെയ്യാറിനു കിഴക്കുവശത്തു കാടുകളിൽ താമസിക്കുന്ന കാണിക്കാർക്കായുള്ള പ്രത്യേക പഞ്ചായത്ത്

ക്കുന്ന ഒരു മാതൃകാചട്ടക്കൂട് ഉണ്ടാക്കാവുന്നതാണ്. ഇത്തരം വിജയാനുഭവങ്ങൾ സാധ്യമാക്കിയ സിവിൽ സമൂഹസംഘടനകളുടെ സജീവപങ്കാളിത്തവും നിരീക്ഷണവും ഈ പരിപാടിയിൽ വേണം.

3) ഈ പ്രചാരണപരിപാടി ആദിവാസിജനങ്ങളെ ഇന്ത്യൻ ഭരണഘടന ഉറപ്പാക്കുന്ന അവകാശങ്ങളുടെ ഉടമകളായും വനസംബന്ധമായ അറിവുകളും കഴിവുകളും കൈവശമുള്ള ഹരിതപൗരജനങ്ങളായും തിരിച്ചറിയേണ്ടതുണ്ട്. സർക്കാർ നൽകുന്ന ജനക്ഷേമവിഭവങ്ങൾ വാങ്ങി കഴിഞ്ഞുകൂടുന്ന ആശ്രിതരായി ആദിവാസികളെ കാണുന്ന വാർപ്പുമാതൃകകളെ ചോദ്യംചെയ്യുകയും നിഷേധിക്കുകയും ചെയ്യുന്നവിധത്തിലുള്ള ബദൽചിത്രീകരണങ്ങൾ ഈ പ്രചാരണപരിപാടിയിലൂടെ വ്യാപിപ്പിക്കണം. ഉദാഹരണത്തിന്, പലവിധ തത്പരകക്ഷികളുടെ കുടിലതകൾക്ക് വളരെപ്പെട്ടെന്ന് വഴങ്ങുന്നവരാണ് ആദിവാസികൾ എന്ന പരിചിതവാർപ്പുമാതൃകയെ സൂക്ഷ്മമായി പരിശോധിക്കാനും പൊളിച്ചുകാട്ടാനും ഈ പ്രചാരണത്തിനു കഴിയണം. ആദിവാസിസമൂഹങ്ങളിൽ നിലവിലുള്ള മദ്യപാനത്തിന്റെയും സാമൂഹ്യ ഒറ്റപ്പെടലിന്റെയും കണക്കുകളെ അവയുടെ കൊള്ളരുതായ്മയുടെ തെളിവായിക്കാണുന്ന പതിവുരീതികൾക്ക് കാര്യമായ ഇളക്കംതട്ടിക്കാൻ ഈ പരിപാടിക്കു കഴിയണം.

4) ആദിവാസിജനങ്ങൾക്കുതകുന്ന വികസന ഇടപെടലുകൾക്കാവശ്യമായ അറിവ് സൃഷ്ടിക്കുന്ന ദൗത്യം ഈ പ്രചാരണപരിപാടിയുടെ മുഖ്യാംശങ്ങളിൽ ഒന്നായിരിക്കണം. കേവലം എണ്ണിത്തിട്ടപ്പെടുത്താവുന്ന വസ്തുക്കളായി ആദിവാസികളെ ചുരുക്കിക്കളയുന്ന രീതിശാസ്ത്രങ്ങൾക്കു പകരം കീഴ്ത്തട്ടിൽ നിന്നുള്ള ശബ്ദങ്ങൾക്ക് ശ്രവ്യത നൽകുന്നതും, ആദിവാസികളുടെ വിജ്ഞാനത്തെയും പരിചയത്തെയും കഴിവുകളെയും കുറിച്ച് സൂക്ഷ്മമായ അറിവുണ്ടാക്കുന്നതുമായ രീതിശാസ്ത്രങ്ങൾ ഇതിനായി സ്വീകരിക്കേണ്ടതാണ്.

5) ഈ ജ്ഞാനനിർമ്മാണപ്രവർത്തനം ആദിവാസിജനങ്ങളുടെ സവിശേഷ അറിവുകളുടെ പൊതു അംഗീകാരത്തിന് വേണ്ടിയാണെന്ന പരസ്യവും അസന്ദിഗ്ധവുമായ തിരിച്ചറിവ് അനിവാര്യമാണ്. ഈ അറിവിനെ മുഖ്യധാരയ്ക്കു പ്രയോജനപ്പെടുത്തുക എന്നതല്ല ഇതിന്റെ കാതലായ ലക്ഷ്യം.

6) വനാവകാശനിയമം, പെസ, ഇന്ത്യൻ ഭരണഘടനാപ്രകാരമുള്ള അവകാശങ്ങൾ എന്നിങ്ങനെ ആദിവാസികൾക്കു പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും മുഴുവൻ ആദിവാസിഭാഷകളിലേക്കു തർജ്ജമ ചെയ്യുന്ന പ്രവർത്തനം ഈ പ്രചാരണപരിപാടിയുടെ മുഖ്യഘടകങ്ങളിൽ

ഒന്നായിരിക്കണം. ഇതുസംബന്ധിച്ചു നടക്കുന്ന എല്ലാ ചർച്ചകളും ആദിവാസിഭാഷകളിലാകണം. ഇതിനായി അഭ്യസ്ഥവിദ്യരായ ആദിവാസി യുവതീയുവാക്കളെ ഏകോപിപ്പിക്കണം. മാനേജർമാർ, പരിഭാഷകർ, പരീശീലകർ എന്നീ നിലകളിൽ അവർ ഇതിനു നേതൃത്വം നൽകണം.

7) മുഖ്യധാരാമാധ്യമങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് വലിയ മാധ്യമപിൻബലം ഈ പ്രചരണപരിപാടിയ്ക്കായി ഒരുക്കണം. തെറ്റായ വിവരങ്ങൾ, വ്യാജവാർത്തകൾ മുതലായവയെ ആരംഭത്തിലേ ഒഴിവാക്കാൻ ഇതാവശ്യമാണ്. കേവലം സർക്കാർ പരിശീലനത്തെ ആശ്രയിച്ചുനിൽക്കുന്ന പരിപാടിയായി ഇത് ചുരുങ്ങാതിരിക്കാൻ ഇതാവശ്യമാണ്.

8) എല്ലാ തലങ്ങളിലുമുള്ള വനംവകുപ്പ്-പട്ടികവർഗവകുപ്പ് ഉദ്യോഗസ്ഥർക്കും വനാവകാശസംബന്ധമായ പരിശീലനം നിർബന്ധമാക്കണം. വിദഗ്ധരും, വിരമിച്ച ഉദ്യോഗസ്ഥരും വനാവകാശം വിജയകരമായി നടപ്പിലാക്കിയ പ്രദേശങ്ങളിൽ നിന്നുള്ള ആക്ടിവിസ്റ്റുകളും പരിശീലകരാകണം. ഈ പരിശീലനങ്ങളിൽ ആദിവാസിവിഭാഗത്തിൽപ്പെട്ടവരും ഉദ്യോഗസ്ഥരും തമ്മിൽ നേരിട്ടിടപഴകാനും ആശയങ്ങൾ കൈമാറാനും അവസരമൊരുക്കണം. അടിഞ്ഞുകിടക്കുന്ന അധിനിവേശശീലങ്ങളും ആദിവാസിജനങ്ങളെ ഡേറ്റയായി കാണാനുള്ള പ്രവണതയും മറ്റും ഇളകി നശിക്കാൻ ഇതാവശ്യമാണ്. ആദിവാസിഗ്രാമസഭകളുടെ രൂപീകരണാർത്ഥമുള്ള ജനകീയബോധവത്ക്കരണപരിപാടി മുൻ അനുഭവങ്ങളിൽ നിന്ന് വിലയേറിയ പാഠങ്ങൾ പഠിക്കണം. ഈ പ്രചാരണപരിപാടിയുടെ അന്തിമലക്ഷ്യം കേരളമൊട്ടുക്ക് വനാവകാശഗ്രാമസഭകളുടെയും സമിതികളുടെയും രൂപീകരണമാണ്. കൂടാതെ ഈ സഭകളെയും സമിതികളെയും പരസ്പരം ബന്ധപ്പെടുത്തുന്ന സംസ്ഥാനവ്യാപകമായ ഒരു ശൃംഖലയും സംസ്ഥാനസമിതിയും സൃഷ്ടിക്കേണ്ടതുണ്ട്. വർഷത്തിൽ നിശ്ചിതസമയങ്ങളിൽ ഈ സംസ്ഥാനസമിതി കൂടിച്ചേർന്ന് ആദിവാസിക്ഷേമസംബന്ധമായ ചർച്ചകളും വിലയിരുത്തലുകളും നടത്തണം. KIRTADS (Kerala Institute for Research Training & Development Studies of Scheduled Castes and Scheduled Tribes) വനാവകാശത്തെപ്പറ്റി ആദ്യകാലത്ത് പരിശീലനം നടത്തിയെങ്കിലും അവരുടെ ക്ലാസ്മുറികേന്ദ്രിതമായ ശൈലിയെ ആദിവാസിസമൂഹം പൊതുവെ തള്ളിക്കളഞ്ഞു. അതുകൊണ്ട് കൂടുതൽ പ്രവൃത്ത്യോന്മുഖമായ പരിശീലനങ്ങൾ രൂപപ്പെടുത്താനുള്ള ശ്രമം വേണം. ആദിവാസിസ്ത്രീകളുടെ സംഘങ്ങൾ, ഈ പ്രചരണത്തിൽ സജീവമായി പങ്കെടുക്കുന്ന ആദിവാസിയുവതീയുവാക്കൾ, സമുദായപ്രവർത്തകർ, പട്ടികവർഗവകുപ്പുദ്യോഗസ്ഥർ എന്നിവരിൽ നിന്ന്

നിർദ്ദേശങ്ങൾ ശേഖരിച്ചു കൊണ്ടു വേണം ഇതു ചെയ്യാൻ. ആധുനികഭരണസംവിധാനത്തിന്റെ ഭാഗമായി വളർന്നുവന്ന തീരുമാനമെടുക്കൽചിട്ടകളും ചർച്ചാരീതികളുമെല്ലാം തങ്ങളെ അന്യവത്കരിക്കുന്നതായി ആദിവാസികൾക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് പ്രതീക്ഷിതം മാത്രമാണ്, കാരണം അവ ആദിവാസിജീവിതത്തിൽ എത്തിച്ചേർന്നത് മുൻപുപറഞ്ഞ ഉദ്യോഗസ്ഥ ആധുനികതയുടെ ഭാഗമായാണ്. അതുകൊണ്ട് ഊരുകൂട്ടത്തിലെ ചർച്ച, തീരുമാനമെടുക്കൽ മുതലായവയുടെ പ്രക്രിയകളെ ഈ സമുദായങ്ങളിൽ ഇപ്പോൾത്തന്നെ നിലവിലുള്ള തനതുവഴക്കങ്ങളോട് ഇണക്കാവുന്നതാണ്.

9) തെരെഞ്ഞെടുക്കപ്പെട്ട പൊതു ഉദ്യോഗസ്ഥർ എന്ന നിലയ്ക്ക് വനാവകാശസമിതി അംഗങ്ങൾക്ക് മിനിറ്റ്സ് രേഖപ്പെടുത്തൽ, സാമുദായിക അവകാശങ്ങളുടെ ഭൂപട രൂപീകരണം, ദിവസേന നടത്തേണ്ട പ്രവൃത്തികളായ തെറ്റുതിരുത്തൽ, കൂട്ടിച്ചേർക്കലുകൾ, പരാതികൾ കൈകാര്യം ചെയ്യൽ, അവകാശങ്ങൾ നൽകൽ മുതലായവയിൽ കാര്യക്ഷമവും പര്യാപ്തവുമായ പരിശീലനം ആവശ്യമാണ്. രണ്ടാമതായി, മിനിറ്റ്സ്ബുക്ക്, ഓഫീസ് സാമഗ്രികളും സൗകര്യങ്ങളും, ഫർണിച്ചർ, സമിതിയുടെ തുടക്കത്തിനാവശ്യമായ പണം എന്നിവ ഇവർക്കു നൽകണം. കമ്മറ്റിയുടെ തുടർച്ച ഉറപ്പാക്കാൻ അത് വളരെ അത്യാവശ്യമാണ്. വനാവകാശഗ്രാമസഭകൾ കൃത്യസമയത്തു തന്നെ നടക്കാനും ഇതാവശ്യമാണ്.

10) സംസ്ഥാനതല മോണിറ്ററിങ് സമിതിയ്ക്കു പുറമെ, തെരെഞ്ഞെടുക്കപ്പെട്ട വനാവകാശസമിതി അംഗങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ - വർഷത്തിലൊരിയ്ക്കലെങ്കിലും - ഒത്തുചേർന്ന് പൊതുവിൽ അവസ്ഥകളെ വിലയിരുത്താനും വിഷയങ്ങൾ ചൂണ്ടിക്കാട്ടാനും അനുഭവം കൈമാറാനും സഹായകമായ ഒരു സംവിധാനം രൂപപ്പെടേണ്ടതുണ്ട്. ഇതേ സംവിധാനത്തിന്റെ മുൻകൈയിൽ വനാവകാശസമിതി അംഗങ്ങൾക്ക് പരസ്പരം ബന്ധപ്പെടാനുള്ള ഒരു ഇ-പ്ലാറ്റ്ഫോം ലഭ്യമാക്കുന്നതിനെപ്പറ്റിയും ചിന്തിക്കാവുന്നതാണ്.

11) തെരെഞ്ഞെടുക്കപ്പെട്ട വനാവകാശസമിതികളിൽ നിന്ന് വനം വകുപ്പ്, പട്ടികവർഗവകുപ്പ് എന്നിവയോട് ചേർന്നു പ്രവർത്തിച്ചുകൊണ്ട് ഒത്തൊരുമിച്ച് തീരുമാനങ്ങളെടുക്കാനുള്ള പ്രത്യേകസമിതികളെ തെരെഞ്ഞെടുക്കേണ്ടതാണ്. വനംവകുപ്പിന്റെ താഴെത്തട്ടുകളിൽ ജോലി ചെയ്യുന്ന ആദിവാസികളെ കടുത്ത ചൂഷണത്തിനു വിധേയരാക്കുന്ന പതിവവസാനിപ്പിക്കാനും ഈ സമിതികൾ കാര്യമായി യത്നിക്കേണ്ടതുണ്ട്.

12) ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് നിയമപ്രകാരം ആദിവാസിജനങ്ങളെ സ്വതന്ത്ര തീരുമാനങ്ങളെടുക്കാൻ അനുവദിക്കുന്ന വകുപ്പുകൾക്ക് ഈ പ്രചാരണപരിപാടി വഴി കൂടുതൽ പരസ്യം നൽകണം. വനാവകാശനിയമത്തെപ്പറ്റിയും ആദിവാസിജനങ്ങളുടെ അവകാശങ്ങളെപ്പറ്റിയുമുള്ള തെറ്റിധാരണകളെ ലഘൂകരിക്കാൻ ഇതു സഹായകമായിരിക്കും.

13) വനങ്ങളിലോ വനാതിർത്തി പ്രദേശങ്ങളിലോ മാത്രമാണ് ഈ പ്രചാരണപരിപാടിയെങ്കിൽ അതുകൊണ്ട് പ്രതീക്ഷിതഫലം കൈവരില്ല. ആദിവാസി അറിവുകളെ മുഖ്യധാരാ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനുള്ള പരിശ്രമങ്ങൾ ഇതിലൂടെ ഉത്ഘാടനം ചെയ്യപ്പെടണം. പാരസ്പര്യത്തിലൂന്നിയ പങ്കുവയ്ക്കലായിരിക്കണം ഇത്. ഇന്ന് ആദിവാസിക്കുട്ടികൾക്ക് മലയാളം നിർബന്ധമായും പഠിക്കേണ്ടിവരുന്നെങ്കിലും അവരുടെ പാരിസ്ഥിതിക അറിവുകൾ മനസ്സിലാക്കേണ്ട ബാധ്യത മലയാളിമുഖ്യധാരയിലെ കുട്ടികൾക്കില്ല. ഈ ജ്ഞാനവിനിമയം അനീതിപൂർവവും ഏകദിശാസ്വഭാവമുള്ളതുമാണ്. ഇതിനുപകരം മേൽപ്പറഞ്ഞ പ്രചരണത്തിന്റെ ഭാഗമായി മുഖ്യധാരാവിദ്യാലയങ്ങളിൽ പഠിപ്പിക്കാനായി ആദിവാസി അറിവുകളെ ആസ്പദമാക്കി അവർക്കിടിൽ നിന്നുള്ളവർ ഒറ്റയ്ക്കോ കൂട്ടമായോ തയ്യാറാക്കുന്ന പരിസ്ഥിതിപാഠങ്ങളും, ആദിവാസിഭാഷകളും സംസ്കാരവും പരിചയപ്പെടുത്തുന്ന പഠനവസ്തുക്കളും സൃഷ്ടിക്കാൻ കഴിയണം. ഇവയിൽ ആദ്യത്തേത് വിദ്യാലയപഠനസിലബസ്സിന്റെ നിർബന്ധിതഭാഗമാകണം. രണ്ടാമത്തെ പഠനവസ്തുക്കളെ ആസ്പദമാക്കി കലാലയങ്ങളിൽ ബിരുദപഠനം പൂർത്തിയാക്കാൻ ആവശ്യമായ നിർബന്ധിത ജനറൽ കോഴ്സുകൾ സൃഷ്ടിക്കാം. കലാലയങ്ങളിൽ അവ പഠിപ്പിക്കാൻ യോഗ്യതയുള്ള ആദിവാസികളുടെ ഒരു റിസോഴ്സ് പേഴ്സൺ ലിസ്റ്റ് ഉണ്ടാക്കാവുന്നതാണ്.

14) ഇന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്ന പദവിയിലിരിക്കുന്ന ഉദ്യോഗസ്ഥരിൽ വളരെപ്പേർ ആദിവാസിജീവിതത്തെ മെച്ചപ്പെടുത്താൻ മൂർത്തമായ പ്രേരണയില്ലാത്തവരും, പലപ്പോഴും ആ ജനങ്ങളെപ്പറ്റി നാട്ടിലാകെ പ്രചാരത്തിലുള്ള ഏറ്റവും ഹാനികരങ്ങളായ വാർപ്പുമാതൃകകളെ വിശ്വസിക്കുന്നവരുമാണ്. ഏതു വിഷയത്തിൽ ബിരുദമുളളവർക്കും ഈ തസ്തികയ്ക്ക് അപേക്ഷിക്കാം. ഇതിൽ നിന്ന് മാറ്റമുണ്ടാകാൻ ഈ നിയമനങ്ങൾക്കായുള്ള ഇന്റർവ്യൂ ബോർഡുകളിലെ അംഗങ്ങളുടെ ഒരു നിശ്ചിതശതമാനം വനാവകാശനിയമസമിതികളിലെ അംഗങ്ങളോ മറ്റ് വനാവകാശ ആക്ടിവിസ്റ്റുകളോ ആയിരിക്കാൻ നിയമമുണ്ടാക്കണം. ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്നവർക്ക് സമൂഹശാസ്ത്രത്തിലോ സോഷ്യൽ വർക്കിലോ ബിരുദം വേണമെന്ന്

നിർബന്ധിക്കുന്നതിനുപുറമെ വിജയികളായ ഉദ്യോഗാർത്ഥികൾക്ക് ആദിവാസിജീവിതത്തിന്റെ സവിശേഷതയും വ്യത്യസ്തതയും ഗുണാത്മകമായ രീതിയിൽ മനസ്സിലാക്കിക്കൊടുക്കുന്ന പരിശീലനപരിപാടികൾ തയ്യാറാക്കുകയും വേണം. ഇന്ന് ഇത് വെറുമൊരു പ്രമോഷൻ തസ്തികയാണ് - ജോലിക്കയറ്റം ആവശ്യപ്പെടുന്ന ലോവർ ഡിവിഷൻ ഗുമസ്തർ സ്വീകരിക്കുന്നത്.

മേൽപ്പറഞ്ഞ പ്രചാരണപരിപാടി പക്ഷേ ഒരു തുടക്കം മാത്രമാണെന്നും ഇതിനു പുറമെ ചിലതു ചെയ്യേണ്ടതാവശ്യമാണെന്നും സിഡിഎസ്സിലെ ചർച്ചകളിൽ പങ്കുചേർന്നവർ അഭിപ്രായപ്പെട്ടു. അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു:

1) വനാവകാശഗ്രാമസഭകളുള്ളപ്പോഴും മുഖ്യധാരാഗ്രാമസഭകളിൽ ആദിവാസികൾക്കു പ്രത്യേക പ്രാതിനിധ്യം വഴി മതിയായ പങ്കാളികളാകാനുള്ള സാഹചര്യം ഒരുക്കണമെന്നും നിർദ്ദേശമുണ്ടായി. ജനസംഖ്യാന്യൂനപക്ഷമായതുകൊണ്ടും, തെരെഞ്ഞെടുപ്പുകളിൽ ഏറ്റവുമധികം വോട്ടു ലഭിക്കുന്ന സ്ഥാനാർത്ഥിയെ വിജയിയായി കണക്കാക്കുന്ന രീതി നിലവിലുള്ളതുകൊണ്ടും ഇതിനു പ്രസക്തിയുണ്ട്. വനാവകാശസമിതിയംഗങ്ങൾക്ക് പഞ്ചായത്തുസമിതിയിൽ പ്രത്യേകപ്രാതിനിധ്യം അനുവദിക്കുന്ന പുതിയ വ്യവസ്ഥ ആദിവാസിമേഖലകളിൽ പരീക്ഷിക്കാവുന്നതാണ്. അല്ലെങ്കിൽ കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സണിനു ലഭിക്കുന്ന പ്രാധാന്യവും സ്വാധീനവും വനാവകാശസമിതിയംഗങ്ങൾക്കു നൽകാവുന്നതാണ്. അതുപോലെ പൊതുഫണ്ടുകൾ ആദിവാസികൾക്കു കൂടി ന്യായമായി ഉതകുന്ന വിധം വിനിയോഗിക്കപ്പെടേണ്ടതാണ് - അതുറപ്പാക്കാനുള്ള ഭരണസംവിധാനമാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതിനു പഞ്ചായത്തുസമിതിയിൽ വനാവകാശ ഗ്രാമസഭാംഗങ്ങൾ ഉള്ളത് ഗുണപ്രദമാണ്. ഗ്രാമസഭാമിനിറ്റുകളും മറ്റു പ്രധാനപ്പെട്ട രേഖകളും ആദിവാസിവോട്ടർമാരുള്ള പഞ്ചായത്തുകളിൽ ആദിവാസിഭാഷകളിൽ കൂടി ലഭ്യമാക്കണം.

2) രണ്ടാമതായി, ഇപ്പോൾ തദ്ദേശതലത്തിൽ സജീവമായി ഇടപെട്ടുകൊണ്ടിരിക്കുന്ന കുടുംബശ്രീ, മഹിളാസമഖ്യ എന്നീ സംഘടനകൾക്ക് വനാവകാശം നടപ്പിലാക്കുന്ന പ്രക്രിയയിൽ മുന്തിയ പ്രാധാന്യമുണ്ട്. അവ ആദിവാസിമേഖലകളിൽ ഇന്ന് വഹിച്ചുവരുന്ന പങ്കിനെ കൂടുതൽ പ്രത്യക്ഷമായ രീതിയിൽ വനാവകാശനിർവ്വഹണത്തോടു ബന്ധപ്പെടുത്തേണ്ടതാണ്. കേരളത്തിലെ പഞ്ചായത്തീരാജിന്റെ ഗണ്യമായ ഒരു വിജയം, വികസനസിവിൽസമൂഹത്തെ കാര്യമായി വിപുലീകരിക്കാൻ അതിനു കഴിഞ്ഞു എന്നതാണ്. കേരളത്തിലിന്ന് കുടുംബശ്രീയും സമ

ഖ്യയും ആദിവാസിമേഖലകളിൽ വിജയകരമെന്ന് വിശേഷിപ്പിക്കാവുന്ന നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ആദിവാസിസംസ്കാരത്തെ ഗുണാത്മകമായി ഉൾക്കൊള്ളുന്ന വികസന സിവിൽസമൂഹത്തെ ഉള്ളിൽനിന്നും വളർത്തിയെടുക്കാനുള്ള ശ്രമത്തിൽ ഈ സംഘടനകൾക്കു പങ്കാളികളാകാവുന്നതാണ്. സാമുദായികവനാവകാശങ്ങൾ നേടാനാവശ്യമായ ഭൂപടനിർമ്മാണം, വിവരശേഖരണം എന്നിവയിൽ ആദിവാസിയുവജനങ്ങൾക്കു പരിശീലനം നൽകുന്നതിലും, അവർക്ക് paralegal പരിശീലനം ലഭ്യമാക്കുന്നതിലും ഈ സംഘടനകൾക്ക് മുൻകൈ നൽകുന്നത് ആദിവാസിയുവതികൾക്ക് തുല്യാവസരം ഉറപ്പാക്കുകയും ചെയ്യും. നിബിഡവനത്തിനു പുറത്തു കഴിയുന്ന ആദിവാസിവിഭാഗങ്ങൾക്ക് ഈ സംഘടനകളുടെ പിൻതുണയും സഹായവും കാര്യമായ ഗുണം ചെയ്യും. ഉദാഹരണത്തിന് കാസറഗോഡുള്ള കൊറഗർ കൊട്ടനെയ്ത്തിനെ ഉപജീവനമാർഗമായി കാണുന്നവരാണ്. അവരുടെ ഉപജീവനത്തിന് ആവശ്യമുള്ള പ്രകൃതിവിഭവങ്ങളായ സസ്യങ്ങൾ വംശഭീഷണി നേരിടുന്നു. പക്ഷേ കാട്ടിന് പുറത്തു താമസിക്കുന്നവരായതുകൊണ്ട് വനാവകാശങ്ങൾ നേടുന്നതിൽ അവർ തുടരെത്തുടരെ പരാജയമടയുന്നു. കുടുംബശ്രീ, സമഖ്യ എന്നിവയുടെ സഹായം ഇതിൽ മാറ്റമുണ്ടാക്കിയേക്കാം.

3) വനസംരക്ഷണസമിതികൾ പോലുള്ള സമാന്തരസംഘങ്ങളെ വനാവകാശഗ്രാമസഭയ്ക്കും സമിതിയ്ക്കും കീഴെ കൊണ്ടുവരേണ്ടതിന്റെ ആവശ്യം ഞങ്ങളുടെ ചർച്ചകളിൽ പല തവണ ഉന്നയിക്കപ്പെട്ടു. കൂടാതെ, കുടുംബശ്രീ ആദിവാസി ഊരുകളിൽ ഉണ്ടാക്കിയിട്ടുള്ള സംഘങ്ങളെ കൂട്ടിച്ചേർത്ത് വനാവകാശഗ്രാമസഭകൾ രൂപീകരിക്കുന്നതിന്റെ സാദ്ധ്യതയും പരിഗണിക്കപ്പെട്ടു. എന്നാൽ ആദിവാസിമേഖലയിൽ ഫലപ്രദമായി പ്രവർത്തിക്കാൻ കുടുംബശ്രീയുടെയും സമഖ്യയുടെയും പൊതുസ്വഭാവത്തിലും പ്രവർത്തനരീതിയിലും കാര്യമായ മാറ്റങ്ങൾ ഉണ്ടാവണം. വ്യക്തികേന്ദ്രിതമായ, ചെറുവായ്പാ-ചെറുസംരംഭരൂപീകരണത്തിൽ ഊന്നുന്ന ശൈലി മുഖ്യധാരാസമൂഹത്തിൽ വൻവിജയമാണെങ്കിലും ആദിവാസിസമൂഹങ്ങളിൽ അത് ഫലപ്രദമോ അഭിലഷണീയമോ ആകണമെന്നില്ല. ആദിവാസിമേഖലകളിൽ തങ്ങളുടെ ഊന്നൽ വ്യക്തിയിന്മേലല്ല, കൂട്ടായ ക്ഷേമത്തിന്മേലാണെന്നും കുടുംബശ്രീയെ പ്രതിനിധീകരിച്ച് ചർച്ചകളിൽ പങ്കെടുത്തവർ പറഞ്ഞു. ആ ഊന്നൽ എങ്ങനെ ശക്തിപ്പെടുത്താമെന്നതാണ് കാതലായ കാര്യം. പ്രത്യേകമായ ആദിവാസിവിഭാഗങ്ങളെ തുല്യപങ്കാളികളാക്കിക്കൊണ്ട്, പലതരം ഇടനിലക്കാരെ മറികടന്നുകൊണ്ട്, വനവിഭവങ്ങളുടെ ശേഖരണം, തയ്യാറാക്കൽ,

വിപണനം എന്നിവ ഏർപ്പെടുന്നതാണ് സാമുദായിക വനാവകാശങ്ങൾ സാക്ഷാത്കരിക്കാനുള്ള മാർഗം. കുടുംബശ്രീ അംഗീകരിക്കേണ്ട മറ്റൊരു കാര്യം, സംസ്കാരവും വികസനവും തമ്മിൽ വികസനമുഖ്യധാര തിരിച്ചറിയുന്ന വിടവ് ആദിവാസികൾക്ക് അർത്ഥശൂന്യമാണെന്ന വാസ്തവമാണ്. പരിശീലനങ്ങൾക്കാവശ്യമായ പലതരം മെറ്റീരിയലുകൾ വിവിധ ആദിവാസിഭാഷകളിൽ തയ്യാറാക്കുന്നതിന്റെയും അവ നടത്തുന്നതിന്റെയും ഉത്തരവാദിത്വം സമഖ്യയ്ക്കാണെങ്കിൽ, അഭ്യസ്ഥവിദ്യരായ ആദിവാസി ചെറുപ്പക്കാരെ കൂടുതലായി സമഖ്യയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

4) വനസമീപപ്രദേശങ്ങളിൽ വ്യക്തിഗതകൃഷി സാദ്ധ്യമാക്കുന്ന പുതിയ അവകാശങ്ങൾ കൈവരുന്നതിലൂടെ ആദിവാസിസമൂഹങ്ങൾ പൊതുവെ വ്യക്തിവത്കരണപ്രക്രിയകളെയും, വിപണിവത്കരണത്തെയും കൂടുതലായി നേരിടും. എന്നാൽ പല ആദിവാസി സമൂഹങ്ങളിലും ഇന്നും കൃഷിസംബന്ധമായ മിക്ക തീരുമാനങ്ങളും കൂട്ടായി എടുക്കുന്ന രീതിയും ഐക്യബോധവും ബാക്കിയുണ്ട്. കൃഷിയുടെയും ഭക്ഷ്യശേഖരണത്തിന്റെയും തനതുവഴികൾ രേഖപ്പെടുത്തുമ്പോൾത്തന്നെ പോഷണസുരക്ഷ സ്വയമേവതന്നെ മുഖ്യലക്ഷ്യങ്ങളിലൊന്നായി ഉയർന്നുവന്നുകൊള്ളും. ആദിവാസികളുടെ പോഷണകാര്യത്തിലും ഉപജീവനകാര്യത്തിലുമുള്ള സുസ്ഥിരത പരിസ്ഥിതിസുസ്ഥിരതയെ ആശ്രയിച്ചു നിൽക്കുന്നു. ഈ അവബോധം വനാവകാശഗ്രാമസഭകളിലും സമിതികളിലും ഇല്ലെങ്കിൽ ഈ കർഷകർ രാജ്യത്തെ മറ്റേതു കർഷകസമൂഹത്തെയും പോലെ വിഷമതകളിൽപ്പെട്ടുഴലും. സ്വന്തം വികസനവഴി കണ്ടെത്തിയ ആദിവാസിസമൂഹങ്ങൾ എവിടെയെല്ലാം ഉണ്ടായിട്ടുണ്ടോ, അവിടെയെല്ലാം ഇക്കാര്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്[14].

കേരളത്തിലും പുറത്തും വനാവകാശനിയമം നടപ്പിലാക്കാൻ യത്നിച്ചത് രാഷ്ട്രീയകക്ഷികളേക്കാൾ സാമൂഹ്യപ്രസ്ഥാനങ്ങളും എൻജിഒകളുമാണെന്ന നിരീക്ഷണം ഞങ്ങളുടെ ചർച്ചകളിൽ പലതവണ ഉയർന്നുവന്നു. മലക്കപ്പാറ-വാഴച്ചാൽ ഭാഗങ്ങളിലെ സമുദായവനാവകാശ മാനേജ്മെന്റ് സമിതിയുടെ വിജയത്തിൽ എൻജിഒകൾ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ സംഘടന കാടരുടെ എട്ട് ഊരുകളിൽ അവകാശഭൂപടനിർമ്മാണത്തിൽ കാര്യമായി സഹായിക്കുകയും വനാവകാശ നിയമത്തിന്റെ സാദ്ധ്യതകളെപ്പറ്റിയുള്ള പ്രചരണത്തിലൂടെ അവിടുത്തെ

[14] കാണുക, "Confluence of Alternatives - stories from different parts of India especially from Gadchiroli district, Maharasthra' in http://www.vikalpsangam.org/search/?q=mendha+lekha, ലഭ്യമായത് 5 September 2019.

വനാവകാശഗ്രാമസഭകളെയും സബ്-ഡിവിഷൻതല സമിതിയെയും ജില്ലാതല സമിതിയെയും ശാക്തീകരിക്കുകയും ചെയ്തു. മലക്കപ്പാറ-വാഴച്ചാൽ ഭാഗങ്ങളിൽ നിന്ന് ചർച്ചയിൽ പങ്കെടുത്ത പ്രതിനിധികൾ വനംവകുപ്പും പട്ടിവർഗവകുപ്പുമായി തങ്ങൾ നടത്തിയ പിടിവലികളെപ്പറ്റി സംസാരിക്കുകയും സർക്കാരേതര സംഘടനകളുടെ മൂല്യത്തെ എടുത്തു പറയുകയും ചെയ്തു. അവരുടെ ഗുണാത്മകമായ അനുഭവങ്ങൾ സമീപത്തുള്ള മറ്റ് ആദിവാസി ഊരുകളിലും വനാവകാശഗ്രാമസഭകളുണ്ടാക്കാൻ പ്രചോദനമായതിനെപ്പറ്റിയും അവർ പറഞ്ഞു.

ആദിവാസി സമൂഹങ്ങളെയും വനാവകാശഗ്രാമസഭകളെയും സമിതികളെയും വനാവകാശങ്ങൾക്കു ചുറ്റും ദേശീയതലത്തിൽ വളർന്നു വന്നിട്ടുള്ള സിവിൽ സമൂഹത്തോട് കണ്ണിചേരാൻ പ്രോത്സാഹിപ്പിക്കുന്നതു കൊണ്ടുണ്ടാവുന്ന ഗുണഫലങ്ങളിലേക്കാണ് ഈ നിരീക്ഷണങ്ങൾ ശ്രദ്ധയാകർഷിക്കുന്നത്. വനാവകാശഗ്രാമസഭകളിലൂടെ വികസിതമാകുന്ന സിവിൽ സമൂഹം കേരളത്തിൽ നിലവിലുള്ള വികസനകേന്ദ്രിത സിവിൽ സമൂഹത്താൽ മാത്രമല്ല, ഇന്ത്യയിൽ എല്ലായിടത്തും വനാവകാശനിയമത്തെ സാക്ഷാത്കരിക്കാനായി പ്രവർത്തിച്ചുവരുന്ന സിവിൽ സമൂഹശക്തികളാലും നിർണയിക്കപ്പെടേണ്ടതുണ്ട്.

5) ആദിവാസിജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്ന എല്ലാ സർക്കാർവകുപ്പുകളിലും അവരുടെ വാക്കുകൾക്കു വിലയുണ്ടാകണമെങ്കിൽ ആ ലക്ഷ്യത്തോടെയുള്ള പ്രത്യേകവേദികൾ സൃഷ്ടിക്കപ്പെടണം. വനാവകാശസമിതികൾ രൂപപ്പെടുത്തുന്ന പൊതുവനമാനേജ്മെന്റ് പ്ലാനുകളെ വനംവകുപ്പിന്റെ പദ്ധതികളിലേക്ക് ഉൾച്ചേർക്കേണ്ടതുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ, തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകമ്മറ്റിയിൽത്തന്നെ അവിടുത്തെ വനാവകാശസമിതിക്ക് വ്യക്തമായ സാന്നിദ്ധ്യം അനുവദിക്കപ്പെടണം. സംസ്ഥാനവ്യപകമായ വനാവകാശസമിതികളിൽ നിന്നൊരു നിശ്ചിതസംഖ്യയിൽ അംഗങ്ങളെ കൂട്ടിയുണ്ടാക്കിയ മറ്റൊരു സമിതിക്ക് പട്ടികവർഗവകുപ്പിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താനും മോണിറ്റർ ചെയ്യാനും നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കാനും കഴിയണം. പശ്ചിമ ഘട്ട പരിസ്ഥിതിസംരക്ഷണം സംബന്ധിച്ചുള്ള എല്ലാ സമിതികളിലും അവർക്കു പ്രാതിനിധ്യവുണ്ടാവണം.

6) കേരളത്തിൽ കാര്യമായ അരക്ഷിതാവസ്ഥ അനുഭവിക്കുന്ന പട്ടികവർഗവിഭാഗങ്ങളെപ്പറ്റി താൻ നടത്തിയ ഗവേഷണത്തിന്റെ വെളിച്ചത്തിൽ ഡോ. അഭിലാഷ് ടി എന്ന ഗവേഷകൻ ചെറുവനവിഭവങ്ങൾക്ക് സംസ്ഥാനതലത്തിൽ പൊതുവായ വിലനിർണയസംവിധാനം ഇനിയും

ഉണ്ടായിട്ടില്ലെന്നും ഈ കുറവ് ഉടൻ പരിഹരിക്കേണ്ടതാണെന്നും വാദിക്കുന്നു. മാത്രമല്ല, ചെറുവനവിഭവങ്ങളുടെ പട്ടികയിൽ മുള ഉൾപ്പെടുത്തിയിട്ടില്ല എന്നത് വലിയ പോരായ്മയാണ്. കേരളത്തിനു പുറത്ത് വനാവകാശനിയമം ഗുണപ്രദമായി നടപ്പിലാക്കിയ സ്ഥലങ്ങളിലെല്ലാം മുള ചെറുവനവിഭവിഭവമായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്; ഈ പ്രക്രിയയുടെ വിജയത്തിന് അത് അത്യാവശ്യമായിരുന്നെന്നും വ്യക്തമായിട്ടുണ്ട്. മാത്രമല്ല, ഇന്ന് ചെറുവനവിഭവങ്ങളുടെ വിപണനത്തിൽ വനംവകുപ്പ് വഹിക്കുന്ന മുഖ്യപങ്കിനെ കാര്യമായി പുനരവലോകനം ചെയ്യേണ്ടതുണ്ട്.

ഇപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത്, ചെറുവനവിഭവങ്ങളുടെ ശേഖരണത്തെയും വിപണനത്തെയും സംസ്ഥാനത്തു മുഴുവനായും തെക്കൻ കേരളത്തിൽ പ്രത്യേകമായും ആദിവാസിസമൂഹങ്ങൾക്ക് ഗുണകരമായ വിധം പുനഃസംഘടിപ്പിക്കേണ്ടതുണ്ട് എന്നാണ്. കേരളാപഞ്ചായത്തീരാജ് നിയമത്തെ വനാവകാശനിയമത്തോട് താദാത്മ്യം പ്രാപിപ്പിക്കുന്നതിലൂടെ മാത്രം ഇതു സാധ്യമല്ല-മറ്റു മാറ്റങ്ങളും ആവശ്യമാണ്. ഉദാഹരണത്തിന്, വനംവകുപ്പിന്റെ ബൈ-ലോ വനാവകാശനിയമാനുസൃതമായി തിരുത്തേണ്ടതുണ്ട്. ഇന്ന് വനസംരക്ഷണസമിതികൾക്കും ഇക്കോ-വികസനസമിതികൾക്കും മുകളിൽ പ്രവർത്തിക്കുന്ന അപ്പലേറ്റ് സംഘടന വനംവകുപ്പാണ്. അതുപോലെ, സഹകരണസംഘനിയമവും തിരുത്തേണ്ടിവരും. ഈ മാറ്റങ്ങളെല്ലാം അടിയന്തിരമായി വരുത്തേണ്ടതാണ് - സമൂഹവനാവകാശങ്ങളുടെ മൊത്തത്തിലുള്ള നിയന്ത്രണം സംസ്ഥാനമൊട്ടാകെയുള്ള സമൂഹവനാവകാശസമിതികളുടെ ഫെഡറേഷൻ ഏറ്റെടുക്കുമ്പോഴേയ്ക്കും ചെറുവനവിഭവശേഖരണത്തെ ആദിവാസികൾക്ക് അനുകൂലമായി സംവിധാനം ചെയ്യേണ്ടതുണ്ട്. അതും ഈ പ്രചാരണപരിപാടിയുടെ ഭാഗമായിത്തന്നെ വേണം നടപ്പിലാക്കാൻ.

7) അവസാനമായി, പരാതികൾ കൈകാര്യം ചെയ്യാൻ പ്രത്യേക ട്രിബ്യൂണൽ സൃഷ്ടിക്കേണ്ടതാണ്. പട്ടികവർഗകാര്യങ്ങൾ പലപ്പോഴും ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ നടക്കുന്നത് പട്ടികവർഗജനങ്ങളുടെ താത്പര്യങ്ങളെ മോശമായി ബാധിക്കാനിടയുണ്ട്.

**അടുത്ത ചുവടുകൾ**

1. മുൻപു വിവരിച്ച പ്രചാരണപരിപാടിയെ വിശ്വാസ്യവും പ്രയോജനപ്രദവുമായ അറിവുകൾക്കും വനാവകാശനിയമത്തിന്റെ നടത്തിപ്പിനെ

പ്പറ്റി വ്യക്തവും കൃത്യവുമായ ഒരു രൂപരേഖയുടെയും മുകളിൽ വേണം പടുത്തുയർത്താൻ. ഇവയെ ഒരു കൈപ്പുസ്തകത്തിന്റെ രൂപത്തിൽ ലഭ്യമാക്കേണ്ടതാണ്. രണ്ടു പ്രവർത്തനങ്ങളിലൂടെ കൈപ്പുസ്തകത്തിന്റെ നിർമ്മാണം ആദ്യംതന്നെ പൂർത്തിയാക്കേണ്ടതുണ്ട്.

കൈപ്പുസ്തകത്തിനാവശ്യമായ ആദ്യപ്രവർത്തനം, വ്യക്തിഗത-സമൂഹ-വികസന അവകാശങ്ങൾക്ക് സുവ്യക്തമായ നിർവചനങ്ങൾ ചമയ്ക്കുന്നതു സംബന്ധിച്ചാണ്. കേരളത്തിലും പുറത്തും ഈ വിഷയത്തിൽ അറിവും പരിചയവുമുള്ളവരായ ആദിവാസിനേതാക്കൾ, എൻജിഒ ആക്ടിവിസ്റ്റുകൾ, ഗവേഷകർ, KIRTADS പോലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവർ, സർക്കാർ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ മുതലായവർ ഒന്നിച്ചുവരുന്ന നിർവചന-രചനാശില്പശാല സംഘടിപ്പിക്കേണ്ടതാണ്. വനാവകാശനിയമനടത്തിപ്പിനാവശ്യമായ പ്രക്രിയകളുടെ പ്രോട്ടോക്കോൾ വ്യവസ്ഥകളും സ്വീകാര്യമായ തെളിവുകളും എല്ലാം ഈ ശില്പശാലയിലൂടെത്തന്നെ നിർണയിക്കാവുന്നതാണ്.

രണ്ടാമതായി, ഈ കൈപ്പുസ്തകത്തിന്റെ ഉള്ളടക്കത്തിൽ നിലവിൽ വനാവകാശനിയമം നടപ്പിലാക്കിയ സ്ഥലങ്ങളിലെ ആദിവാസിജനങ്ങളുടെ അനുഭവങ്ങൾകൂടി ഉൾപ്പെടണം. കേരളത്തിൽ വിജയകരമായി വനാവകാശം നടപ്പാക്കിയ മലക്കപ്പാറയിൽ നിന്ന് പ്രായോഗികതലത്തിൽ ജനങ്ങൾക്ക് ഇതിന്റെ അനുഭവത്തെപ്പറ്റിയുള്ള ആഖ്യാനങ്ങളടക്കമുള്ള തെളിവുകൾ ശാസ്ത്രീയമായി ശേഖരിക്കാനും രേഖപ്പെടുത്താനും താത്പര്യമുള്ള സർവകലാശാലകളിലെയും ഗവേഷണകേന്ദ്രങ്ങളിലെയും ഗവേഷകരുടേതായ ഒരു ചെറുഗവേഷണോദ്യമം ഉടൻ ഉണ്ടാകണം.

ഈ രണ്ടു സ്രോതസ്സുകളിൽ നിന്നുമുള്ള വിവരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് കൈപ്പുസ്തകത്തിന്റെ രചന KILAയിലോ സെന്റർഫോർ ഡവലപ്മെന്റ് സ്റ്റഡീസിലോ വച്ചു നടത്താവുന്നതാണ്. എല്ലാ ആദിവാസിഭാഷകളിലും അത് ഉടൻതന്നെ ലഭ്യമാക്കണം. അതുപോലെ ഉദ്യോഗസ്ഥപരിശീലനത്തിനായി ഇതിന്റെ രൂപഭേദവും ഒപ്പംതന്നെ സൃഷ്ടിക്കപ്പെടണം.

2. രണ്ടാമത്തെ ചുവട്, ആദിവാസിസമൂഹങ്ങളിൽ നിന്ന് ഉന്നതപരിശീലനം ലഭിച്ച കമ്മ്യൂണിറ്റി റിസോഴ്സ്പേഴ്സണുകളുടേതായ തദ്ദേശസുസാധ്യതാടീമുകളുടെ നിർമ്മാണമാണ്. നിയമ വിദ്യാർഥികൾ, സോഷ്യൽവർക്ക് വിദ്യാർത്ഥികൾ, അംഗീകൃത എൻജിഒ പ്രവർത്തകർ, പ്രത്യേകിച്ചും വനാവകാശനിയമസംബന്ധമായ പ്രവർത്തനപരിചയമുള്ളവർ

മുതലായവരെ ഈ ടീമുകളിൽ അംഗങ്ങളാക്കാം. ട്രൈബൽ പ്രമോട്ടർമാരും പട്ടികവർഗ-വനംവകുപ്പ് ഉദ്യോഗസ്ഥരും അവയ്ക്കൊപ്പം പ്രവർത്തിക്കണം.

3. അധികവും ആദിവാസിജനങ്ങളുടേതായ ഈ ടീമുകളെ ഒന്നിച്ചിരുത്തി കൈപ്പുസ്തകത്തിലെ ഉള്ളടക്കത്തെ ഏറ്റവും ഫലപ്രദമായി പ്രചരിപ്പിക്കാനുള്ള ഉചിതമാർഗ്ഗങ്ങൾ ആരായേണ്ടതാണ്. ആദിവാസിജനങ്ങൾക്ക് സ്വീകാര്യമായ ആശയവിനിമയരീതികൾ സ്വീകരിക്കാനും മുൻപരിശ്രമങ്ങളിൽ സംഭവിച്ച പിഴവുകൾ ഒഴിവാക്കാനും, തദ്ദേശഭരണതലപരിശീലനങ്ങളിലും അറിയിപ്പു കൊടുക്കുന്ന പതിവുരീതികളിലും മറ്റും ഇന്നും നിലവിലുള്ള സാംസ്കാരികമുൻവിധികൾ തിരുത്താനും ഈ കൂടിച്ചേരൽ പ്രയോജനപ്പെടുത്തണം.

4. സുസാദ്ധ്യതാസംഘങ്ങൾ ഏറ്റെടുക്കുന്ന പ്രചാരണപരിപാടിയുടെ ആദ്യചുവട് കേരളത്തിലെ വിവിധ ആദിവാസിവിഭാഗങ്ങൾ പരമ്പരാഗതമായി അനുഭവിച്ചുവന്നിരുന്ന സാമൂഹ്യവനാവകാശങ്ങളുടെ സ്വഭാവം, വ്യാപ്തി, വൈവിദ്ധ്യം എന്നിവയുടെ സൂക്ഷ്മവും വിശദവുമായ രേഖപ്പെടുത്തലാണ്.

5. ഇതോടൊപ്പം ചെറുവനവിഭവങ്ങളുടെ ശേഖരണത്തിൽ സുതാര്യത, കാര്യക്ഷമത, മൂല്യവർദ്ധന, മെച്ചപ്പെട്ട വിപണനം (ബ്രാന്റിങ് ഉൾപ്പെടെ) എന്നിവ എങ്ങനെ നടത്താമെന്ന് അന്വേഷിക്കുന്ന ഒരു ഗവേഷണ പഠനം, IRMA പോലുള്ള ഒരു വിദഗ്ധ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ, കേരളത്തിൽ പ്രവർത്തനപരിചയമുള്ള ആദിവാസി പ്രവർത്തകരുടെയും ഗവേഷകരുടെയും സഹായത്തോടെ, ആരംഭിക്കേണ്ടതാണ്.

6. ഇപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ സ്വരൂപിക്കുന്ന അറിവിന്റെയും വനാവകാശനിയമസാക്ഷാത്കാരകൈപ്പുസ്തകത്തെ ആസ്പദമാക്കിയുള്ള വിശദമായ പരിശീലനം ഊരുകൂട്ടങ്ങൾക്കു നൽകാനും വനാവകാശഗ്രാമസഭായോഗങ്ങൾ നടത്തി സമിതിരൂപീകരണം സത്വരവും കാലബന്ധിതവുമായ ചുവടുകളിൽ പൂർത്തിയാക്കേണ്ടതാണ്.

7. ഇതോടൊപ്പം പട്ടികവർഗ-വനം വകുപ്പുദ്യോഗസ്ഥർക്കുള്ള പരിശീലനവും നടക്കണം. ഈ പരിശീലനത്തിനു സമാന്തരമായിത്തന്നെ വകുപ്പു ബൈ-ലോകളിലും മറ്റും അവശ്യമായ തിരുത്തലുകൾ വരുത്താനും ഇപ്പോൾ നിലവിലുള്ള വനസംരക്ഷണസമിതികൾ, ഇക്കോ-വികസനസമിതികൾ മുതലായവയെ വനാവകാശഗ്രാമസഭകൾക്കു കീഴിൽ കൊണ്ടുവരാനുള്ള നടപടികൾ പൂർത്തിയാക്കണം.

8. ആദിവാസികൾക്ക് അനുയോജ്യമായ പ്രത്യേക കുടുംബശ്രീ സംവിധാനം-സ്വതന്ത്രമായ സ്വയംസഹായസംഘങ്ങൾ, ഏഡിഎസ്, സിഡിഎസ് സംവിധാനങ്ങളടക്കം - സൃഷ്ടിക്കേണ്ടതാണ്. പൊതുകുടുംബശ്രീയോട് ജില്ലാതലത്തിൽ ഇതിനെ സംയോജിപ്പിക്കാവുന്നതാണ്. ആദിവാസിമേഖലയിലെ മഹിളാസമഖ്യയെയും പൂർണമായും പുനരാവിഷ്കരിക്കേണ്ടതുണ്ട്. വനാവകാശഗ്രാമസഭകളിലെയും സമിതികളിലെയും ശാക്തീകരിക്കപ്പെട്ട വനിതകളെ സ്റ്റാഫായി ഉൾപ്പെടുത്തുകയും അവരുടെ പങ്കാളിത്തമുള്ള തീരുമാനമെടുക്കൽ സംവിധാനം രൂപപ്പെടുത്തുകയും വേണം.

9. വനാവകാശസമിതികൾ സംസ്ഥാനമൊട്ടാകെ സ്ഥാപിച്ച ശേഷം മിനിറ്റ്സ് രേഖപ്പെടുത്തൽ മുതലായ ഔദ്യോഗിക ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനും വനാവകാശസംബന്ധമായ ദൈനംദിനഭരണ കാര്യങ്ങൾ നടത്തുന്നതിനും ആവശ്യമായ തീവ്രപരിശീലനം സമിതി അംഗങ്ങൾക്ക് നൽകേണ്ടതാണ്. ഇക്കൂട്ടർ തെരെഞ്ഞെടുക്കപ്പെട്ട പൊതുഉദ്യോഗസ്ഥരാണെന്ന് വസ്തുതയിൽ ഊന്നിക്കൊണ്ടുള്ള പരിശീലനമാണ് വേണ്ടത്.

10. ഓരോ ഊരുകൂട്ടത്തിനും വനാവകാശനിർണയ-സാക്ഷാത്കാരപ്രക്രിയയ്ക്ക് ആവശ്യമായ ഓഫീസ് ഫർണിച്ചറും മറ്റു സാധനസാമഗ്രികളും വാങ്ങാൻ ചെറിയൊരു കൺഡിൻജെൻസി തുക അനുവദിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ തിരുവനന്തപുരത്തെ കാണിക്കാർക്ക് തങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടാൻ ഈ ചെറുഗ്രാന്റ് സഹായകമായി. ഊരുതലത്തിൽ വനാവകാശസമിതിയെ സ്ഥാപനവത്കരിക്കാൻ ഇത് ആവശ്യമാണ്.

11. ഈ സ്ഥാപനവത്ക്കരണത്തിനും പരിശീലനത്തിനും ശേഷം സമിതികൾക്ക് സുസാദ്ധ്യതാസംഘങ്ങളുടെ സഹായത്തോടെ വേണ്ടവിധം അപ്പീലുകളും റിവ്യൂകളും ഫയൽ ചെയ്യാവുന്നതാണ്.

12. അനുവദിക്കപ്പെട്ടതും തള്ളിക്കളയപ്പെട്ടതുമായ കേസുകളെ പുന:പരിശോധിക്കാൻ സബ്കളക്ടർമാർക്ക് നിർദ്ദേശമുണ്ടാകണം.

13. വിശ്വാസ്യരായ വ്യക്തികൾ, സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സമാന്തരസാമൂഹ്യ ഓഡിറ്റിങ് നടത്തി നിരീക്ഷണങ്ങൾ ജില്ലാ-സംസ്ഥാനസമിതികൾക്കു മുന്നിലെത്തിക്കുകയും വേണം. സംസ്ഥാനതലസമിതിക്കു പുറമേ വനാവകാശസമിതിഅംഗങ്ങളിൽ നിന്നു തെരെഞ്ഞെടുക്കപ്പെട്ടവരുടെ ഒരു കോ-ഓർഡിനേഷൻകമ്മറ്റി സൃഷ്ടിക്കുകയും പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാനായി അത്

കൃത്യമായ ഇടവേളകളിൽ കൂടുകയും വേണം. വനം-പട്ടികവർഗ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരും വനാവകാശപ്രവർത്തനങ്ങൾ നടത്തുന്ന എൻജിഒകളുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു ഹെൽപ് ഡെസ്ക് സംശയങ്ങൾ ദൂരീകരിക്കുകയും വിശദീകരണങ്ങൾ നൽകുകയും വേണം.

14. മുൻ ചുവടുകളിൽ ആദിവാസിസമൂഹങ്ങളുടെ സാമൂഹ്യാവകാശങ്ങളെപ്പറ്റി ശേഖരിക്കുകയും സൃഷ്ടിക്കുകയും ചെയ്ത അറിവുകളെ ആസ്പദമാക്കി വിദ്യാലയങ്ങളിലും കലാലയങ്ങളിലും പാഠങ്ങളും കോഴ്സുകളും മൊഡ്യൂളുകളും സൃഷ്ടിക്കാൻ എഴുത്തുകാരുടെയും മറ്റു വിദഗ്ദ്ധരുടെയും സംസ്ഥാനതല ശില്പശാല നടത്തേണ്ടതാണ്.

15. പ്രചരണവും മോണിറ്ററിങ്ങും വനാവകാശനിയമസാക്ഷാത്കാരഘട്ടത്തിനു ശേഷവും സജീവമായി തുടരേണ്ടതാണ്. ഉദാഹരണത്തിന്, സാമൂഹ്യ വനമാനേജ്മെന്റ് പ്രക്രിയകൾ അടിസ്ഥാനതലത്തിൽ തന്നെ സാധൂകരിക്കപ്പെടണം. തെരെഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആക്ഷൻ റിസർച്ച് മാതൃകയിലുള്ള പഠനങ്ങളിലൂടെ അവിടങ്ങളിലെ ആദിവാസി ഉപജീവനത്തിന്റെ ആഴ-ഇക്കോളജീയമാനങ്ങളെ പ്രായോഗികതലത്തിൽ പ്രത്യക്ഷമാക്കാവുന്നതാണ്. ഊരുവികസനത്തിന് വനാവകാശ ഊരുകൂട്ടം വഴിയുള്ള പങ്കാളിത്ത ആസൂത്രണമാണ് വേണ്ടത്. പാരിസ്ഥിതികസൗഹൃദപരമായ വികസനത്തിനും ഉപജീവനസ്വത്തുക്കളുണ്ടാക്കാനും ദരിദ്രർക്ക് അധികവരുമാനം പണമായി ലഭിക്കുവാനും മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി വളരെ പ്രയോജനകരമാണ്. അതുപോലെത്തന്നെ ഹാനികരങ്ങളായ ശീലങ്ങൾ, പ്രത്യേകിച്ച് മദ്യാസക്തി, ഇല്ലാതാക്കാനുള്ള സാമൂഹ്യവികസനോന്മുഖങ്ങളായ പദ്ധതികളും പ്രധാനം തന്നെ. അംഗനവാടി, വിദ്യാലയം,ഹോസ്റ്റലുകൾ, ആശുപത്രികൾ മുതലായവ വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിലും പ്രത്യേക ഊന്നൽ വേണം.

## അനുബന്ധം 1: പട്ടികവർഗ കുടുംബങ്ങളുടെ ജീവിതസൂചികകളുടെ നിലവാരത്തെപ്പറ്റി ഒരു കുറിപ്പ്

2011ലെ സെൻസസ് പ്രകാരം കേരളജനസംഖ്യയുടെ 1.45 ശതമാനം മാത്രമാണ് ആദിവാസിജനങ്ങൾ (4.84 ലക്ഷം). ഇന്ത്യൻ ജനതയുടെ 8.6 ശതമാനമാണവർ ഇന്ന്. കേരളീയ ആദിവാസിജനങ്ങൾ എണ്ണത്തിൽ കുറവാണെന്നു മാത്രമല്ല അവർ പതിനാലു ജില്ലകളിലായി ചിതറിക്കിടക്കുന്നു. ആദിവാസി ഊരുകൾ പല വലുപ്പത്തിലാണ്- 6500 (ആലപ്പുഴയിൽ) മുതൽ 151,400 (വയനാട്ടിൽ) വരെ ആണ് അവരുടെ എണ്ണം. വലുപ്പം മാത്രം നോക്കിയാൽ, ഇവിടങ്ങളിലേക്ക് വികസനമെത്തിക്കുന്നത് വലിയൊരു പ്രശ്നമാകേണ്ടതില്ല. പ്രത്യേകിച്ചും വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ. പക്ഷേ യാഥാർത്ഥ്യം തികച്ചും മറ്റൊന്നാണ്.

ഗ്രാമീണഭവനങ്ങളിലെ ഇല്ലായ്മ അളക്കുന്ന 2011ലെ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് പ്രകാരം കേരളത്തിലെ ആദിവാസി ഭവനങ്ങളിൽ 62 ശതമാനവും ഇല്ലായ്മകളുടെ പിടിയിലാണ്. കേരളത്തിലെ ഗ്രാമീണജനസംഖ്യയിൽ സമാനസ്ഥിതി അനുഭവിക്കുന്നത് മുപ്പതുശതമാനം പേരാണ്. അഖിലേന്ത്യാതലത്തോടു തട്ടിച്ചുനോക്കുമ്പോൾ ഇവിടുത്തെ ആദിവാസികളുടെയും ഗ്രാമീണഭവനങ്ങളുടെയും സ്ഥിതി ഭേദമെന്നു പറയാമെന്നതാണ് ആകെയുള്ള ആശ്വാസം. ഇന്ത്യയൊട്ടാകെ നോക്കുമ്പോൾ പട്ടികവർഗ ഗ്രാമീണഭവനങ്ങളിൽ 75 ശതമാനവും ഇല്ലായ്മകൾ അനുഭവിക്കുന്നവരാണ്.

കേരളത്തിന്റെ ശരാശരിയോട് താരതമ്യം ചെയ്യുമ്പോൾ ഇവിടുത്തെ പട്ടികവർഗഭവനങ്ങളുടെ ജീവിതനിലവാരം, ശേഷികൾ എന്നിവയുടെ മൂർത്തസൂചകങ്ങളിൽ കാണുന്ന സവിശേഷതകളെപ്പറ്റിയാണ് ഇനി പറയാൻ പോകുന്നത്. ആദിവാസികൾ അനുഭവിക്കുന്ന ഇല്ലായ്മകളുടെ പ്രത്യേകതയിലേക്ക് ഇത് വെളിച്ചം വീശുന്നു.

കേരളശരാശരിയോട് താരതമ്യം ചെയ്യുമ്പോൾ പാർപ്പിടകാര്യത്തിൽ ആദിവാസിസമൂഹം വളരെ പിന്നിലാണ്. കേരളത്തിലെ കുടുംബങ്ങളിൽ 53 ശതമാനം നല്ലത് എന്ന കണക്കാക്കപ്പെടുന്ന വീടുകളിലാണെങ്കിൽ, ഇത്തരം വീടുകളിൽ ജീവിക്കുന്ന ആദിവാസികുടുംബങ്ങൾ 38 ശതമാനമേ വരുന്നുള്ളൂ. അതുപോലെ കേരളത്തിലാകെയുള്ള കുടുംബങ്ങളിൽ അഞ്ചു ശതമാനം മാത്രമേ ജീർണാവസ്ഥയിൽ എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭവനങ്ങളിൽ താമസിക്കുന്നുള്ളൂ. പക്ഷേ ആദിവാസികുടുംബങ്ങളിൽ 16 ശതമാനം ഇങ്ങനെയുള്ള വീടുകളിലാണ് കഴിയുന്നത്.

കുടിവെള്ളക്കാര്യത്തിൽ കേരളത്തിൽ, മൊത്തത്തിൽ, ഏതാണ്ട് 78 ശതമാനം വീടുകളിലും സമീപത്തുതന്നെ ടാപ്പ്, കൈപ്പമ്പ്, കിണർ, കുഴൽക്കിണർ

എന്നിങ്ങനെ ഏതെങ്കിലുമൊരു ജലസ്രോതസ്സുണ്ട്. ആകെയുള്ള പട്ടികവർഗ വീടുകളിൽ 44 ശതമാനം മാത്രമാണ് ഈ സൗകര്യമുള്ളവയായി കാണപ്പെ ടുന്നത്. പട്ടികവർഗകുടുംബങ്ങളിൽ ഏതാണ്ട് കാൽഭാഗത്തോളവും അരു വികളെയോ കുളങ്ങളെയോ പുഴകളെയോ ആണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. കേരളത്തിലെ ഇതരജനങ്ങളിൽ അഞ്ച് ശതമാനത്തിൽ താഴെയുള്ളവർ മാത്രമാണ് ഇപ്രകാരമുള്ള ജനസ്രോതസ്സുകളെ കുടിവെള്ള ത്തിനായി ആശ്രയിക്കുന്നത്.

കക്കൂസ് സൗകര്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ഒരു പൊരുത്തമില്ലായ്മയെ വെളിവാക്കുന്നു. കേരളത്തിലെ ഇതരകുടുംബങ്ങളുടെ 47 ശതമാനം വീടു കൾക്കേ വീട്ടിനുള്ളിൽ കക്കൂസ് സൗകര്യം ലഭ്യമായുള്ളുവെങ്കിൽ പട്ടിക വർഗകുടുംബങ്ങളിൽ 71 ശതമാനം വീടുകളിലും ഇത് ലഭ്യമാണ്. പട്ടികവർഗ കുടുംബങ്ങൾക്കായി പണിയുന്ന വീടുകളുടെ പൂർവ്വനിശ്ചിതപ്ലാനുകളിൽ ഇതുൾപ്പെടുന്നു എന്നതാവാം ഇതിനു കാരണം. പക്ഷേ വലിയൊരു ശത മാനം പട്ടികവർഗവീടുകളിൽ ശുചിമുറിയുടെ ഉപയോഗം ചെറു കന്നുകാ ലികളെ കിടത്താനോ സാധനങ്ങൾ സൂക്ഷിക്കാനോ വേണ്ടിയാണ്.

സ്ത്രീസാക്ഷരതയുടെയും ശിശുമരണനിരക്കിന്റെയും സൂചകങ്ങൾ ആദി വാസിസമൂഹങ്ങളിലെ സ്ത്രീകളുടെ ആരോഗ്യം മോശമാണെന്നും അ വരുടെ ശേഷികൾ ദുർബലമാണെന്നും വ്യക്തമാക്കുന്നു.കേരളത്തിലെ സ്ത്രീസാക്ഷരതാനിരക്കായ 92 ശതമാനത്തിൽ നിന്ന് 20 ശതമാനം കുറവാ ണ് ആദിവാസിസ്ത്രീസാക്ഷരതാനിരക്ക്. ശിശുമരണനിരക്ക് കേരളത്തിൽ 1000ൽ 14 ആണെങ്കിൽ ആദിവാസികൾക്കിടയിൽ അത് 1000ൽ 16 ആണ്. മൊത്തം ലിംഗാനുപാതം 1084 ആണെങ്കിൽ ആദിവാസിജനങ്ങൾക്കിടയിൽ അത് 1035 ആണ്. ആദിവാസിജനങ്ങളുടെ ദേശീയസൂചകങ്ങളുമായി തട്ടി ച്ചുനോക്കുമ്പോൾ പക്ഷേ കേരളത്തിലെ ആദിവാസികളുടെ സ്ഥിതി താര തമ്യേന ഭേദവുമാണ്.

സർക്കാർവിദ്യാലയത്തിൽ ആദിവാസിക്കുട്ടികളുടെ എൻറോൾമെന്റ് ശത മാനം 3.82 ആണ് - കേരളജനസംഖ്യയിലെ അവരുടെ സാന്നിദ്ധ്യത്തില ധികം. പക്ഷേ ആദിവാസിക്കുട്ടികളുടെ കൊഴിഞ്ഞുപോക്ക് മറ്റെല്ലാവിഭാഗ ക്കാരെ അപേക്ഷിച്ചും അധികമാണ് എല്ലാ ജില്ലകളിലും (2017-18ൽ പോലും). ഭാവിതലമുറക്കാർക്ക് മെച്ചപ്പെട്ട ശേഷികളും കഴിവുകളും നൽകാൻ കഴിയാ തെപോകുന്ന രൂക്ഷമായ സാമൂഹ്യ-സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

## അനുബന്ധം 2: പട്ടികകൾ

### പട്ടിക 1 : വീടുകളുടെ നിലവാരം: ശരാശരി താരതമ്യം–കേരളത്തിലെ ആകെ കുടുംബങ്ങൾ, എസ്ടി കുടുംബങ്ങൾ

| | സംസ്ഥാന ശരാശരി | ഗ്രാമ ങ്ങളിൽ | നഗര ങ്ങളിൽ | സംസ്ഥാന എസ്ടി കുടുംബ ങ്ങളുടെ ശരാശരി | ഗ്രാമ ങ്ങളിൽ | നഗര ങ്ങളിൽ |
|---|---|---|---|---|---|---|
| ഉത്തമം | 53.2 | 46 | 68.5 | 38.38 | 34.32 | 61.41 |
| ജീവിതയോഗ്യമായത് | 41.5 | 47.5 | 28.6 | 45.3 | 47.68 | 31.8 |
| ജീർണ്ണാവസ്ഥയിലുള്ളത് | 5.3 | 6.5 | 2.9 | 16.32 | 18 | 6.8 |

ഉറവിടം: ഇന്ത്യയുടെ കാനേഷുമാരി, 2011

### പട്ടിക 2 : മേൽക്കൂര നിർമ്മിക്കാനുപയോഗിച്ച സാമഗ്രികൾ

| | സംസ്ഥാന ശരാശരി | ഗ്രാമ ങ്ങളിൽ | നഗര ങ്ങളിൽ | സംസ്ഥാന എസ്ടി കുടുംബ ങ്ങളുടെ ശരാശരി | ഗ്രാമ ങ്ങളിൽ | നഗര ങ്ങളിൽ |
|---|---|---|---|---|---|---|
| കോൺക്രീറ്റ് | 29.6 | 18.5 | 52.9 | 28.8 | 24.92 | 50.90 |
| ലോഹം/ആസ്ബ സ്റ്റോസ് ഷീറ്റ് | 16.5 | 16.6 | 16.2 | 13.92 | 14.98 | 7.94 |
| കൈ കൊണ്ട് നിർമ്മിച്ച ടൈലുകൾ | 13.2 | 16.9 | 5.5 | 4.17 | 4.17 | 4.17 |
| യന്ത്രനിർമ്മിത ടൈലുകൾ | 8.7 | 9.7 | 6.4 | 38.93 | 40.42 | 30.46 |
| പുല്ല്/ഓല/മുള/ തടി/ചെളി മുതലായവ | 15.4 | 20.7 | 4.3 | 10.02 | 11.14 | 3.75 |
| മറ്റുള്ളവ | 16.5 | 17.6 | 14.5 | 4.16 | 5.17 | 2.78 |

ഉറവിടം: ഇന്ത്യയുടെ കാനേഷുമാരി, 2011

**പട്ടിക 3 : കുടിവെള്ളത്തിന്റെ ഉറവിടസ്ഥാനം**

| | വീടുപരി സരത്ത് | വീടുപരി സരത്തിന് അടുത്ത് | വീടുപരിസരത്തിന് അകലെ |
|---|---|---|---|
| സംസ്ഥാന ശരാശരി | 77.74 | 14.08 | 8.2 |
| എസ് ടി കുടുംബങ്ങളുടെ ശരാശരി | 44.26 | 30.35 | 25.39 |

ഉറവിടം: ഇന്ത്യയുടെ കാനേഷുമാരി , 2011

**പട്ടിക 4: കുടിവെള്ളത്തിന്റെ മുഖ്യഉറവിടം**

| | സംസ്ഥാന ശരാശരി | ഗ്രാമ ങ്ങളിൽ | നഗര ങ്ങളിൽ | സംസ്ഥാന എസ്ടി കുടുംബ ങ്ങളുടെ ശരാശരി | ഗ്രാമ ങ്ങളിൽ | നഗര ങ്ങളിൽ |
|---|---|---|---|---|---|---|
| പൈപ്പ് വെള്ളം | 43.5 | 30.8 | 70.6 | 24.65 | 21.75 | 41.13 |
| കിണർ | 11 | 13.3 | 6.2 | 50.14 | 50 | 51.2 |
| കൈപ്പമ്പ് | 33.5 | 43.6 | 11.9 | 0.39 | 0.3 | 0.76 |
| കുഴൽക്കിണർ | 8.5 | 8.3 | 8.9 | 1.73 | 1.43 | 3.4 |
| നീരുറവ | 1.4 | 2.6 | 0.08 | 14.39 | 16.74 | 1 |
| നദി | 0.2 | 0.35 | 0.02 | 1.75 | 2.05 | 0.03 |
| ടാങ്ക്/കുളം/ തടാകം | 0.7 | 1.21 | 0.17 | 3.7 | 4.29 | 0.4 |
| മറ്റുള്ളവ | 2.1 | 2.7 | 1.4 | 3.26 | 3.5 | 2 |

ഉറവിടം: ഇന്ത്യയുടെ കാനേഷുമാരി, 2011

### പട്ടിക 5: ശൗചാലയത്തിന്റെ ലഭ്യത

| | സംസ്ഥാന ശരാശരി | ഗ്രാമ ങ്ങളിൽ | നഗര ങ്ങളിൽ | സംസ്ഥാന എസ്ടി കുടുംബ ങ്ങളുടെ ശരാശരി | ഗ്രാമ ങ്ങളിൽ | നഗര ങ്ങളിൽ |
|---|---|---|---|---|---|---|
| ഗൃഹപരിധിക്ക് അകം | 46.9 | 30.7 | 81.4 | 71.37 | 67.38 | 93.95 |
| ഗൃഹപരിധിയിൽ ഇല്ല | 53.1 | 69.3 | 18.6 | 28.63 | 32.62 | 6.05 |

ഉറവിടം: ഇന്ത്യയുടെ കാനേഷുമാരി ,2011

## കേരളത്തിലെ ജനസംഖ്യാശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികവർഗക്കാരുടെ ജിവിതനിലവാരം

### പട്ടിക 6: ഗ്രാമീണകുടുംബങ്ങളിൽ പിന്നോക്കം നിൽക്കുന്നവർ (അതാത് വിഭാഗത്തിന്റെ ആകെ എണ്ണത്തിൽ)

| ഗ്രാമീണകുടുംബങ്ങൾ (ശതമാനത്തിൽ) | | | | |
|---|---|---|---|---|
| | ആകെ | എസ് സി | എസ് ടി | മറ്റുള്ളവർ |
| കേരളം | 30.33 | 57.66 | 61.68 | 26.54 |
| ഇന്ത്യ | 59.76 | 71.99 | 74.49 | 54.27 |

ഉറവിടം: സാമൂഹ്യ - സാമ്പത്തിക - ജാതി കാനേഷുമാരി, 2011

### പട്ടിക 7: സുപ്രധാന സ്ഥിതിവിവരക്കണക്കുകൾ

| കേരളം | പട്ടികവർഗം | സംസ്ഥാന ശരാശരി |
|---|---|---|
| ലൈംഗികാനുപാതം | 1035 | 1084 |
| സാക്ഷരതാനിരക്ക് | 75.81 | 94 |
| സാക്ഷരതാനിരക്ക്-സ്ത്രീകൾ | 71.1 | 92.1 |
| സാക്ഷരതാനിരക്ക് - പുരുഷന്മാർ | 80.76 | 96.1 |
| ശിശുമരണനിരക്ക് | 60* | 14 |
| ആയുർദൈർഘ്യം | ** | 74 |

ഉറവിടം: ജനസംഖ്യ കാനേഷുമാരി, 2011

*സാമൂഹ്യ-സാമ്പത്തിക സ്ഥിതി റിപ്പോർട്ട്, പട്ടികവർഗ വികസന ഡിപ്പാർട്ട്മെന്റ്, കേരള സർക്കാർ, 2013.

**വളരെ താഴ്ന്നത് എന്നാണ് പട്ടികവർഗ വികസന ഡിപ്പാർട്ട്മെന്റിന്റെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി സംബന്ധിച്ച കരട് റിപ്പോർട്ട് 2013ൽ പറയുന്നത്. എന്നാൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (ഡൽഹി)ന്റെ ഒരു പഠനം കാണിക്കുന്നത് അട്ടപ്പാടിയിലെ അദിവാസികളുടെ ആയുർദൈർഘ്യം 1975ൽ 70 വർഷമായിരുന്നത് 2002ൽ 66 ആയും പിന്നീട് 2010ൽ അത് 59 ആയും കുറഞ്ഞു എന്നാണ്, ഒരു മാധ്യമ വാർത്ത പറയുന്നത് (മൂലപഠനം ലഭ്യമല്ല).

### പട്ടിക 8: ഇന്ത്യ/കേരളം ആകെ ജനസംഖ്യയിൽ പട്ടികവർഗക്കാരുടെ എണ്ണം

| | ഇന്ത്യ | കേരളം |
|---|---|---|
| 1981 | 7.83 | 1.03 |
| 1991 | 8.08 | 1.1 |
| 2001 | 8.15 | 1.14 |
| 2011 | 8.6 | 1.45 |

ഉറവിടം:ജനസംഖ്യ കാനേഷുമാരി1981, 1991, 2002, 2011

**പട്ടിക 9: ഇന്ത്യയിലെ ആകെ/പട്ടികവർഗ ജനസംഖ്യയുടെ സാക്ഷരതാനിരക്കും 2001ലെ അന്തരവും**

| | ആകെ ജനസംഖ്യയുടെ സാക്ഷരതാനിരക്ക് | പട്ടികവർഗ ജനസംഖ്യയുടെ സാക്ഷരതാനിരക്ക് | ജന സംഖ്യാന്തരം |
|---|---|---|---|
| ഇന്ത്യ | 64.8 | 47.1 | 17.7 |
| കേരളം | 90.9 | 64.4 | 26.5 |

ഉറവിടം: ആദിവാസികാര്യ മന്ത്രാലയം, കാനേഷുമാരി, 2001[15]

**പട്ടിക 10: പട്ടികവർഗ്ഗ കുടുംബങ്ങളുടെ ആസ്തികൾ**

| പട്ടികവർഗ്ഗ കുടുംബങ്ങളിൽ ലഭ്യമായ വിവിധ സേവനങ്ങൾ | ഇന്ത്യ | കേരളം |
|---|---|---|
| ബാങ്കിംഗ് സേവനങ്ങൾ | 44.98 | 54.7 |
| ടെലിവിഷൻ | 21.88 | 39.59 |
| ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ | 0.84 | 1.95 |
| ടെലഫോൺ | 1.95 | 5.45 |
| ഇരുചക്രവാഹനം | 8.97 | 7.66 |
| കാർ | 1.63 | 3.03 |
| മറ്റ് സമ്പാദ്യങ്ങൾ | 37.34 | 23.50 |

ഉറവിടം: കാനേഷുമാരി ,2011

**പട്ടിക 11: സ്കൂളുകളിലെ പട്ടികവർഗ കുട്ടികളുടെ അനുപാതം. 2017–18**

| ഭരണസമിതി | മറ്റുള്ളവർ | പട്ടികവർഗ്ഗം | പട്ടികജാതി |
|---|---|---|---|
| സർക്കാർ | 82.89 | 3.82 | 13.28 |
| സ്വകാര്യ എയ്ഡഡ് | 88.49 | 1.36 | 10.13 |
| സ്വകാര്യ സ്കൂളുകൾ | 95.46 | 0.45 | 4.08 |
| ആകെ എണ്ണം | 87.53 | 2.05 | 10.45 |

ഉറവിടം: കേരള സംസ്ഥാന ആസൂത്രണ ബോർഡ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഡയക്ടറേറ്റ് ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻ റിപ്പോർട്ട് (2018)

[14] ആദിവാസികാര്യസഹമന്ത്രി ശ്രീ. മഹാദേവ് സിംഗ് ഖണ്ഡേല 2012 ആഗസ്റ്റ് 9-ാം തീയതി രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടി

പട്ടിക 12 (a): കൈവശഭൂമി-പട്ടികവർഗ കുടുംബങ്ങളുടെ കൈവശ ഭൂമി (ശതമാനം), കേരളം 2008

| ജില്ല | <5 സെന്റ് | 5 – 9 സെന്റ് | 10 – 24 സെന്റ് | 25 – 49 സെന്റ് | 50 – 99 സെന്റ് | 100< സെന്റ് |
|---|---|---|---|---|---|---|
| തിരുവനന്തപുരം | | | | | | |
| കൊല്ലം | 10.11 | 6.79 | 10.03 | 15.56 | 24.72 | 32.79 |
| പത്തനംതിട്ട | - | - | - | - | - | - |
| കോട്ടയം | - | - | - | - | - | - |
| ആലപ്പുഴ | 59.76 | 23.69 | 13.57 | 2.98 | 0 | 0 |
| എറണാകുളം | 29.77 | 12.40 | 12.58 | 4.92 | 9.85 | 30.48 |
| ഇടുക്കി | 9.52 | 6.32 | 10.82 | 7.91 | 14.14 | 51.29 |
| തൃശ്ശൂർ | 14.47 | 20.29 | 25.35 | 16.52 | 9.22 | 14.15 |
| പാലക്കാട് | 42.80 | 6.38 | 3.93 | 2.06 | 5.30 | 39.53 |
| കോഴിക്കോട് | 11.25 | 13.85 | 27.47 | 15.69 | 14.90 | 16.84 |
| മലപ്പുറം | 34.71 | 20.74 | 13.86 | 7.47 | 6.44 | 16.78 |
| വയനാട് | | | | | | |
| കണ്ണൂർ | 13.17 | 11.66 | 18.36 | 11.35 | 13.12 | 32.34 |
| കാസറഗോഡ് | - | - | - | - | - | - |
| കേരളം | - | - | - | - | - | - |

ഉറവിടം: പട്ടികവർഗ്ഗ വികസന വകുപ്പ്, ജില്ലാതലറിപ്പോർട്ട്, 2011

## പട്ടിക 12(b): ഭൂപ്രമാണമില്ലാത്ത കുടുംബങ്ങൾ (ശതമാനം), 2008

| ജില്ല | <5 സെന്റ് | 5 - 9 സെന്റ് | 10 - 24 സെന്റ് | 25 - 49 സെന്റ് | 50 - 99 സെന്റ് | 100< സെന്റ് |
|---|---|---|---|---|---|---|
| തിരുവനന്തപുരം | - | - | - | - | - | - |
| കൊല്ലം | - | - | - | - | - | - |
| പത്തനംതിട്ട | - | - | - | - | - | - |
| കോട്ടയം | - | - | - | - | - | - |
| ആലപ്പുഴ | - | - | - | - | - | - |
| എറണാകുളം | 40.22 | 39.71 | 63.35 | 73.64 | 91.82 | 91.19 |
| ഇടുക്കി | 95.43 | 9.09 | 82.48 | 76.28 | 82.41 | 78.53 |
| തൃശ്ശൂർ | 59.73 | 67.51 | 74.24 | 78.29 | 75 | 92.31 |
| പാലക്കാട് | 56.84 | 3.21 | 3.02 | 1.80 | 4.60 | 30.53 |
| കോഴിക്കോട് | 93.89 | 87.72 | 71.12 | 82.5 | 84.66 | 80.11 |
| മലപ്പുറം | 77.81 | 85.6 | 84.41 | 91.41 | 91.68 | 69.09 |
| വയനാട് | - | - | - | - | - | - |
| കണ്ണൂർ | 9.99 | 4.95 | 6.99 | 3 | 3.04 | |
| കാസറഗോഡ് | - | - | - | - | - | - |
| കേരളം | - | - | - | - | - | - |

ഉറവിടം: പട്ടികവർഗ്ഗ വികസന വകുപ്പ്, ജില്ലാതലറിപ്പോർട്ട്, 2011

**Centre for Development Studies**
(Under the aegis of Govt. of Kerala & Indian
Council of Social Science Research)
Prasanth Nagar Road, Ulloor
Thiruvananthapuram - 695 011, Kerala, India
Tel : +91 - 471 - 2774200, 2448881, Fax : +91 - 471 - 2447137
Website : www.cds.edu

**Azim Premji University**
PES Campus, Pixel Park
B Block Electronics City
Hosur Road (Beside NICE Road)
Bengaluru - 560 100, India
www.azimpremjiuniversity.edu.in